10
2025
ജനുവരി
വെള്ളി
ധനു 26

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.48 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-48 പേജ് 4. വില 2.00 രൂപ





02 സിബിഐയിൽ വിശ്വാസമില്ല; നിരപരാധിത്വം തെളിയിക്കുമെന്ന് വാളയാർ പെൺകുട്ടികളുടെ അമ

03 25 കുടുംബങ്ങൾക്ക് വീടൊരുങ്ങുന്നു; ശിലാസ്ഥാപനം നടത്തി

04 ഭൂമി തരം മാറ്റാനുള്ള അപേക്ഷകളിൽ അതിവേഗം തീരുമാനമുണ്ടാകണം

# ഭാവഗായകൻ വിടവാങ്ങി



തൃശൂർ: ഗായകൻ പി. ജയചന്ദ്രൻ (80) അന്തരിച്ചു. വീട്ടിൽ കുഴഞ്ഞു വീണതിനെ തുടർന്ന് തൃശൂർ അമല ആശുപത്രിയിൽ എത്തിച്ചെങ്കിലും 7.54ന് മരണം സംഭവിക്കുകയായിരുന്നു. അർബുദ രോഗത്തെ തുടർന്ന് വർഷങ്ങളായി ചികിത്സയിലായിരുന്നു. മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി ഭാഷകളിലായി 16000 ലേറെ ഗാനങ്ങൾ പാടിയിട്ടുണ്ട്.

മികച്ച പിന്നണി ഗായകനുള്ള ദേശീയ ചലച്ചിത്ര പുരസ്കാരവും സംസ്ഥാന ചലച്ചിത്ര പുരസ്കാരം അഞ്ചു തവണയും നേടിയിട്ടുണ്ട്. കേരള സർക്കാരിന്റെ ജെ. സി. ഡാനിയൽ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. തമിഴ്നാട് സർക്കാരിന്റെ കലൈമാമണി ബഹുമതി, നാലുതവണ തമിഴ്നാട് സംസ്ഥാന പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

1944 മാർച്ച് മൂന്നിന് എറണാകുളം ജില്ലയിലെ രവിപുരത്തായിരുന്നു രവിവർമ്മ കൊച്ചനിയൻ തമ്പുരന്റെയും പാലിയത്ത് സുഭദ്രക്കുഞ്ഞമ്മയുടേയും അഞ്ച് മക്കളിൽ മൂന്നാമനായിട്ടാണ് ജയചന്ദ്രന്റെ ജനനം. പിന്നീട് ഇരിങ്ങാലക്കുട പാലിയത്തേക്കു താമസം മാറി. കുട്ടിക്കാലത്ത് കുറച്ചുകാലം ചെണ്ടയും പിന്നീട് മൃദംഗവും പഠിച്ചു.

മഞ്ഞലയിൽ മുങ്ങിത്തോർത്തി, നീലഗിരിയുടെ സഖികളെ, സ്വർണഗോപുര നർത്തകീ ശില്പം, കർപ്പൂരദീപത്തിൻ കാന്തിയിൽ, അഷ്ടപദിയിലെ നായികേ, തിരുവാഭരണം ചാർത്തി വിടർന്നു, കാറ്റുമൊഴുക്കും കിഴക്കോട്ട്, രാജീവനയനേ നീയുറങ്ങൂ തുടങ്ങിയവയാണ് ശ്രദ്ധേയ ചലച്ചിത്രഗാനങ്ങൾ.

ഒന്നിനി ശ്രുതിതാഴ്ത്തി പാടുക പൂങ്കുയിലേ, ജയദേവ കവിയുടെ ഗീതികൾ കേട്ടെന്റെ രാധേ, സ്മൃതിതൻ ചിറകിലേറി ഞാനെൻ തുടങ്ങിയ ലളിതഗാനങ്ങളും ഒന്നിനുമല്ലാതെ എന്തിനോ തോന്നിയൊരിഷ്ടം എന്ന ആൽബ ഗാനവും ശ്രദ്ധിക്കപ്പെട്ടു.

മലയാളിയുടെ പ്രണയത്തിനും വിരഹത്തിനും സന്തോഷത്തിനും സന്താപത്തിനും കൂട്ടായി ആ ശബ്ദസൗഭഗമുണ്ടായിരുന്നു. മികച്ച ഗായകനുള്ള സംസ്ഥാനപുരസ്കാരം അഞ്ച് തവണയും ദേശീയ പുരസ്കാരം ഒരുതവണയും അദ്ദേഹത്തെ തേടിയെത്തി. തമിഴിൽ കിഴക്ക് ചീമയിലെ എന്ന സിനിമയിലെ 'കാത്താളം കാട്ടുവഴി' ഗാനത്തിന് 1994ലെ മികച്ച ഗായകനുള്ള അവാർഡ് ലഭിച്ചു. 'രാസാത്തി ഉന്നൈ കാണാതെ നെഞ്ചം' എന്ന ഒറ്റഗാനത്തിലൂടെ തമിഴകവും കീഴടക്കിയ ജയചന്ദ്രനോളം തമിഴിൽ ശോഭിച്ച മറ്റൊരു മലയാളി ഗായകനുമുണ്ടാകില്ല. മലയാളത്തിനും തമിഴിനും പുറമെ തെലുങ്കിലും കന്നഡത്തിലും ഹിന്ദിയിലും ആ സ്വരം ഭാഷാതിർത്തികൾ ലംഘിച്ച് ആരാധകരെ സൃഷ്ടിച്ചു.

1944 മാർച്ച് മൂന്നിന് എറണാകുളം ജില്ലയിലെ രവിപുരത്തായിരുന്നു രവിവർമ്മ കൊച്ചനിയൻ തമ്പുരന്റെയും പാലിയത്ത് സുഭദ്രക്കുഞ്ഞമ്മയുടേയും അഞ്ച് മക്കളിൽ മൂന്നാമനായി ജയചന്ദ്രന്റെ ജനനം. 1958ലെ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ യേശുദാസ് ശാസ്ത്രീയ സംഗീതത്തിൽ ഒന്നാം സ്ഥാനം നേടിയപ്പോൾ ജയചന്ദ്രന് മൃദംഗത്തിലായിരുന്നു ഒന്നാം സ്ഥാനം.

ഇരങ്ങാലക്കുട ക്രൈസ്റ്റ് കോളജിൽ നിന്ന് സുവോളജിയിൽ ബിരുദം നേടി, 1966ൽ ചെന്നൈയിൽ പ്യാരി കമ്പനിയിൽ കെമിസ്റ്റായി. അതേവർഷം കുഞ്ഞാലിമരയ്ക്കാർ എന്ന ചിത്രത്തിനുവേണ്ടി പി. ഭാസ്കരൻചിദംബരനാഥ് ടീമിന്റെ ഗാനമാണ് ആദ്യമായി പാടിയതെങ്കിലും കളിത്തോഴനിലെ മഞ്ഞലയിൽ മുങ്ങിത്തോർത്തി എന്ന ഗാനമായിരുന്നു ആദ്യം പുറത്തുവന്നത്. ആ ഒരൊറ്റ ഗാനത്തോടെ ജയചന്ദ്രന് പിന്തിരിഞ്ഞുനോക്കേണ്ടിവന്നില്ല. ഹൃദയഹാരിയായ നിരവധി ഗാനങ്ങളിലൂടെ സംഗീതാസ്വാദകരുടെ മനസുകളിൽ കുടിയേറിയ ജയചന്ദ്രനെ മലയാളികൾ ഭാവഗായകനായി ഹൃദയത്തിൽ ഏറ്റെടുത്തു. ചിദംബരനാഥിൽ തുടങ്ങി മലയാളത്തിലെ ഒട്ടുമിക്ക സംഗീതസംവിധായകരുടെയും ഗാനങ്ങൾ ആലപിക്കാൻ ഭാഗ്യമുണ്ടായി. പി. ഭാസ്കരനും വയലാറും മുതൽ പുതിയതലമുറയിലെ ബി. കെ ഹരിനാരായണൻ വരെയുള്ള കവികളുടെ വരികൾക്ക് ആ ശബ്ദത്തിലൂടെ ജീവൻതുടിച്ചു. രാസാത്തി ഉന്നൈ കാണാതെ നെഞ്ചം... എന്ന ഗാനം ശബ്ദതരംഗമായി തമിഴ്സിനിമയെ കീഴടക്കി.

ഉദ്യോഗസ്ഥയിലെ അനുരാഗ ഗാനം പോലെ, സി. ഐ. ഡി നസീറിലെ നിൻ മണിയറയിലെ, പ്രേതങ്ങളുടെ താഴ്വരയിലെ മലയാള ഭാഷതൻ മാദകഭംഗി, ഉമ്മാച്ചുവിലെ ഏകാന്ത പഥികൻ ഞാൻ, മായയിലെ സന്ധ്യക്കെന്തിന് സിന്ദൂരം, ശാസ്ത്രം ജയിച്ചു മനുഷ്യൻ തോറ്റു എന്ന ചിത്രത്തിലെ ചന്ദനത്തിൽ കടഞ്ഞെടുത്തൊരു അങ്ങനെ മലയാളികൾ ഒരിക്കലും മറക്കാത്ത നൂറുകണക്കിന് ഗാനങ്ങൾ ജയചന്ദ്രന്റെ സ്വരമാധുരിയിൽ പുറത്തുവന്നു.

1986ൽ ശ്രീനാരായണ ഗുരു എന്ന ചിത്രത്തിലെ ശിവശങ്കര സർവ ശരണ്യവിഭോ എന്ന ഗാനത്തിലൂടെ ജയചന്ദ്രനെത്തേടി മികച്ച ഗായകനുള്ള ദേശീയ പുരസ്കാരമെത്തി. അഞ്ചുതവണയാണ് ജയചന്ദ്രൻ മികച്ച ഗായകനുള്ള സംസ്ഥാനപുരസ്കാരം സ്വന്തമാക്കിയത്. 1972ൽ പണിതീരാത്ത വീട് എന്ന സിനിമയിലെ നീലഗിരിയുടെ സഖികളേ, 1978ൽ ബന്ധനത്തിലെ രാഗം ശ്രീരാഗം, 2000ൽ നിറത്തിലെ പ്രായം നമ്മിൽ മോഹം നൽകി, 2004ൽ തിളക്കത്തിലെ നീയൊരു പുഴയായ്, 2015ൽ ജിലേബിയിലെ ഞാനൊരു മലയാളി.., എന്നും എപ്പോഴുമിലെ മലർവാകക്കൊമ്പത്തെ, എന്ന് നിന്റെ മൊയ്തീനിലെ ശാരദാംബരം എന്നീ ഗാനങ്ങളായിരുന്നു അവ. 1994ൽ കിഴക്ക് സീമയിലേ എന്ന ചിത്രത്തിലെ കട്ടാഴം കാട്ടുവഴി എന്ന ഗാനത്തിലൂടെ മികച്ച ഗായകനുള്ള തമിഴ്നാട് സർക്കാരിന്റെ പുരസ്കാരവും ജയചന്ദ്രൻ സ്വന്തമാക്കി. തമിഴ് ചലച്ചിത്ര സംഗീതത്തിന് നൽകിയ സംഭാവനകൾക്കുള്ള അംഗീകാരമെന്ന നിലയിൽ 1997ൽ തമിഴ്നാട് സർക്കാരിന്റെ കലൈമാമണി അവാർഡിനും അദ്ദേഹം അർഹനായി. 2021ൽ കേരളം അദ്ദേഹത്തെ ജെ. സി. ഡാനിയൽ പുരസ്കാരം നൽകി ആദരിച്ചു.



## ബോബി ചെമ്മണൂർ ജയിലിലേക്ക്; 14 ദിവസം റിമാൻഡിൽ

കൊച്ചി: നടി ഹണി റോസിനെതിരേ ലൈംഗികാധിക്ഷേപം നടത്തിയെന്ന കേസിൽ ബോബി ചെമ്മണൂരിനെ എറണാകുളം ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. കഴിഞ്ഞദിവസം അറസ്റ്റിലായ ബോബി ചെമ്മണൂരിനെ വ്യാഴാഴ്ച രാവിലെയാണ് കോടതിയിൽ ഹാജരാക്കിയത്. പരാതിക്കടിസ്ഥാനമായ ഉദ്ഘാടന ചടങ്ങിന് ശേഷവും ഇരുവരും സൗഹൃദത്തിലായിരുന്നു. ഇരുവരും പിന്നീട് മറ്റൊരു പരിപാടിയിലും ഒരുമിച്ച് പങ്കെടുത്തു. പരാതിക്ക് പിന്നിൽ മറ്റെന്തെങ്കിലും താത്പര്യമാകാം. പ്രസ്തുത പരിപാടിയുടെ വീഡിയോ തെളിവുകളുണ്ട്. നടി തന്നെ ഈ വീഡിയോകൾ പങ്കുവെച്ചിരുന്നു. ഈ വീഡിയോകൾ കോടതി കാണണമെന്നും പാസ്പോർട്ട് ഹാജരാക്കാൻ തയ്യാറാണെന്നും പ്രതിഭാഗം കോടതിയിൽ പറഞ്ഞു.

അതേസമയം, ബോബി ചെമ്മണൂരിന് ജാമ്യം നൽകരുതെന്നായിരുന്നു പ്രോസിക്യൂഷന്റെ വാദം. നടി നൽകിയ പരാതിയിലെ വിവരങ്ങളും പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു. ദ്വയാർഥ പദപ്രയോഗം നടത്തിയ പ്രതി തുടർച്ചയായി നടിയെ അധിക്ഷേപിച്ചു. അനുവാദമില്ലാതെ മോശമായരീതിയിൽ നടിയുടെ ശരീരത്തിൽ സ്പർശിച്ചു. ആയിരക്കണക്കിനാളുകളുടെ മുന്നിൽവെച്ചാണ് നടിയെ അപമാനിച്ചത്. ഇതിന്റെ ദൃശ്യങ്ങൾ പ്രതി സാമൂഹികമാധ്യമങ്ങളിലൂടെ പങ്കുവെയ്ക്കുകയുംചെയ്തു.

## കായലുവിരുവത്തിൻകുട്ടി

**യേശുദാസ് വില്യം**



കൊല്ലം : അഷ്ടമുടിക്കായലിൽ സാമ്പ്രാണിക്കോടിക്കടുത്തു ഞണ്ടിനു വലവിരിച്ചവർക്ക് വലയെടുത്തപ്പോൾ കിട്ടിയത് ജീവനുള്ള കായലു വിരുവത്തിൻ കുട്ടി. വലപിടിക്കുമ്പോൾ കായലിലെ തിരയിളക്കവും ചുഴിയും കണ്ടപ്പോൾ എന്തോ വലിയ മീനാണെന്നു അവർക്കു തോന്നി. വല വലിച്ചു കേറ്റുന്നതിനോടൊപ്പം ഒന്നു കൂടി ചുറ്റിവരിഞ്ഞു വള്ളത്തിലേക്ക് എടുത്തിട്ടപ്പോഴാണ് വ്യക്തമായത്. കിട്ടിയത് ഇപ്പോൾ കായലിൽ അപൂർവ്വമായി മാത്രം ലഭിക്കാറുള്ള കായലുവിരുവത്തിന്റെ കുഞ്ഞാണെന്ന്. കായലുവിരുവം കൂറ്റൻ സ്രാവാണ്. ഉൾക്കടലിലും തീരക്കടലിലെ മുരിപ്പിലും ചൂണ്ടക്കാർക്കും വലക്കാർക്കും കിട്ടുന്ന 'വട്ടത്തലയൻ' സ്രാവ്. ധനു, മകര മാസങ്ങളിലെ മാസങ്ങളിലെ നിലാവുള്ള രാത്രിയിൽ നിറവയറുമായി കടലിൽ നിന്നു അഴിമുഖത്തു കൂടി കായലിലേക്കു വരും. അഷ്ടമുടിക്കായലിലെ അകത്തളങ്ങളിലെ ഈറ്റുപുരകളിൽ കുഞ്ഞുങ്ങളെ പ്രസവിച്ച് കുറച്ചു നാൾ പരിപാലിച്ചു വീണ്ടും ആഴിയുടെ അഗാധതയിലേക്ക് 'വിരുവം' എന്ന വിളിപ്പേരുള്ള 'വട്ടത്തലയൻ സ്രാവ്' മറയും. കുഞ്ഞുങ്ങൾ കായലിന്റെ ഓളപ്പരപ്പിൽ വളരും. ഒരു ഘട്ടമെത്തുമ്പോൾ അറബിക്കടലിലേക്കു തന്നെ ഇവരും മടങ്ങും. ഈ അവസരത്തിലാണ് വലക്കാർക്കു കായലുവിരുവത്തിൻ കുട്ടിയെ കിട്ടുന്നത്. വില്ല്യച്ചാൻ എന്നു വിളിക്കുന്ന എന്റെ പപ്പയുടെ അമ്മയുടെ അമ്മ പൂല മരിയ വലിയൊരു മീൻ കച്ചോടക്കാരിയായിരുന്നു. അപ്പൻ ലിയോൺ വലിയ വീശുകാരനും ആയിരുന്നു. വലയിൽ വീണ മീനുകളേക്കാൾ അക്കര അപ്പന്റെ വലയിൽനിന്നും ഊർന്നുപോയ മീനുകളുടെ കഥയാണ് പറഞ്ഞു കേട്ടിട്ടുള്ളത്. ഒരിക്കൽ നീണ്ടകര കായൽ തീരത്തു വീശുമ്പോൾ അപ്പന്റെ വലയിൽ വിരുവത്തിൻ കുട്ടിയെ കിട്ടി. സംഗതി മനസ്സിലാക്കിയ അക്കരയപ്പൻ വെള്ളത്തിലിറങ്ങി വലയോടെ പൂട്ടി വിരുവത്തിനെ കൈക്കലാക്കി. അപ്പൻ വീശുന്ന മീനുകളുമായി വലിയ ബ്ലാവുകളിലും, നായർ തറവാടുകളിലുമൊക്കെ മീൻ കച്ചോടത്തിനു പോകുന്ന മരിയ വിരുവത്തിനെ വിറ്റില്ല ഏകമകളുടെ ചെറിയ മക്കൾക്കു അതീവ രുചികരമായ വിരുവ ത്തിനെ കരുവ വരട്ടിയും, വിവിധ കറികളാക്കിയും പാകപ്പെടുത്തി നൽകിയെന്നാണു കഥ. കായലിൽ പ്രവേശിക്കുമ്പോഴാണ് 'കയല് വിരുവം' എന്ന പേരുവീണതെന്നു അഷ്ടമുടിക്കായലിൽ മുരിങ്ങക്കായി മുങ്ങുന്ന ജോസ് പറയുന്നു. ഫൈറ്റർ വിമാനത്തിന്റേതു പോലുള്ള രുപഘടനയും, വേഗതയും ആക്രമണശൈലിയും വെള്ളത്തിൽ വിരുവത്തിനുണ്ടന്നു ജോസു പറയുന്നു. വർഷങ്ങൾക്കു മുൻപ് സാമ്പ്രാണിക്കോടിയിലെ മണൽതിട്ടയിൽ ഉറച്ചുപോയ വിരുവത്തിന്റെ കഥ ശക്തികുളങ്ങരയിലെ പഴയ സ്രാവു കച്ചവടക്കാരനായ ഫ്രാൻസീസ് പിരുസേന്തി പറഞ്ഞു. ചെളിയിലുറച്ച വിരുവത്തിനെ കണ്ട വലക്കാർ പിടിക്കുവാൻ ശ്രമിച്ചു. ചിറകിൽ പിടിച്ചതും വിരുവം ആക്രമിച്ചതും ഒപ്പം നടന്നു. ദേഹത്തെ ചിലഭാഗത്തെ മാംസം ഊരിപ്പോയത്രേ. പക്ഷേ എല്ലാവരും ചേർന്നു വിരുവത്തിനെ പിടിച്ചു. പല്ലുകളും ദേഹത്തുള്ള അരംപോലെയുള്ള തൊലിയും തട്ടിയാൽ മാംസം അടർന്നു പോകുമെന്നു ജോസു പറയുന്നു. ഇരുന്നൂറു കിലോയ്ക്കു മുകളിൽ തൂക്കമുണ്ടായിരുന്ന വിരുവം ഇരുപത്തയ്യായിരം രൂപക്കാണു അന്നു വിറ്റു പോയതെന്നു ഫ്രാൻസീസ് പിരുസേന്തി ഓർമ്മിച്ചെടുത്തു. ഞണ്ടുവലക്കാരുടെ വലയിൽ വീണ വിരുവത്തിൻകുട്ടിയെ മൽസ്യം വിൽക്കുന്ന മറിയയുടെ തട്ടിൽ നെമ്മീനുകളോടൊപ്പം കിടത്തി. എടുത്തുയർത്തി കാണിക്കുവാൻ പറഞ്ഞപ്പോൾ വാലിൽ തൂക്കി നിർത്തി. ഇതിനു ആളുകൾ വരും. അപൂർവ്വമായി കിട്ടുന്നതാണ്. കണ്ടുനിന്ന ലേലക്കാരൻ പറഞ്ഞു. എന്നാലിപ്പോൾ കടലിൽ നിന്നും സ്രാവുകളുടെയും തെരണ്ടികളുടെയുമൊന്നു വരവ് പണ്ടത്തെപ്പോലെയില്ലന്നു കായലിലെ മീൻപിടുത്തക്കാർ പറയുന്നു. കായൽ മലിനമായി. ആഴം കുറഞ്ഞു. ആവസവ്യവസ്ഥകൾക്കൊക്കെ ഊനം തട്ടി. ഈറ്റുനോവു വരുമ്പോൾ തീരക്കടലിലെ മുരിപ്പുകളിലും, ഉൾക്കടലിലെ പാരുകളിലും തന്നെ കുഞ്ഞുങ്ങളെ പ്രസവിച്ച് വട്ടത്തലയൻ സ്രാവ് തൃപ്തിയടയുന്നുണ്ടാവും.

## വഴിയടച്ച് പന്തൽ കെട്ടി.., എം.വി. ഗോവിന്ദൻ, ബിനോയ് വിശ്വം തുടങ്ങിയവർ നേരിട്ട് ഹാജരാകണമെന്ന് ഹൈക്കോടതി

കൊച്ചി: പൊതുഗതാഗതം തടസപ്പെടുത്തി റോഡിൽ പന്തൽ കെട്ടിയ സംഭവത്തിൽ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ നേരിട്ട് ഹാജരാകണമെന്ന് ഹൈക്കോടതി. മൂന്ന് കേസുകളിലായി സിപിഎം, സിപിഐ, കോൺഗ്രസ് നേതാക്കളോടാണ് കോടതി നേരിട്ട് ഹാജരാകണമെന്ന് ആവശ്യപ്പെട്ടത്.

വഞ്ചിയൂർ സിപിഎം ഏരിയാ സമ്മേളനത്തിന് റോഡ് കെട്ടിയടച്ച കേസിൽ സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, കടകംപള്ളി സുരേന്ദ്രൻ, വി.കെ. പ്രശാന്ത് എംഎൽഎ തുടങ്ങിയവർ നേരിട്ട് ഹാജരാകണമെന്ന് കോടതി ആവശ്യപ്പെട്ടു. കോടതിയലക്ഷ്യ ഹർജിയിലാണ് ഹൈക്കോടതി നടപടി.

വഴിയടച്ച് സെക്രട്ടറിയേറ്റിനു മുന്നിൽ ജോയിൻറ് കൗൺസിൽ നടത്തിയ സമരത്തിൽ സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ഉൾപ്പെടെയുള്ള നേതാക്കളും ഫെബ്രുവരി പത്തിന് നേരിട്ട് ഹാജരാകണമെന്നും കോടതി നിർദേശിച്ചു.

കൊച്ചി കോർപ്പറേഷന് മുന്നിൽ ഡിസിസി നടത്തിയ സമരവുമായി ബന്ധപ്പെട്ട് ടി.ജെ. വിനോദ് എംഎൽഎ, ഡിസിസി പ്രസിഡൻറ് മുഹമ്മദ് ഷിയാസും അന്നേദിവസം ഹാജരാകണമെന്നും കോടതി ആവശ്യപ്പെട്ടു.

വഞ്ചിയൂരിലേത് പ്രതിഷേധത്തിന്റെ ഭാഗം പോലുമായിരുന്നില്ലെന്നും സാധാരണ ഓഡിറ്റോറിയത്തിൽ നടത്തുന്ന പരിപാടിയായിരുന്നുവെന്നും കോടതി വിമർശിച്ചു. എല്ലാ ദിവസവും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുകയാണെന്നും ഇതിനെ ചെറുതായി കാണാനാകില്ലെന്നും കോടതി നിരീക്ഷിച്ചു.



# കോട്ടയം മെഡിക്കൽ കോളേജിലെ ബേൺസ് യൂണിറ്റ് ലോകോത്തര നിലവാരത്തിലേക്ക്: മന്ത്രി വീണാ ജോർജ്

## * ഈ വർഷം സ്കിൻ ബാങ്ക്, ഇലക്ട്രിക് ഡെർമറ്റോം തുടങ്ങിയ അത്യാധുനിക സംവിധാനങ്ങൾ

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക്, ഇലക്ട്രിക് ഡെർമറ്റോം തുടങ്ങിയ അത്യാധുനിക സംവിധാനങ്ങൾ ഈ വർഷം ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതോടെ കോട്ടയം മെഡിക്കൽ കോളേജിലെ ബേൺസ് യൂണിറ്റ് ലോകോത്തര നിലവാരത്തിലേക്ക് ഉയരും. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സ്കിൻ ബാങ്ക് അന്തിമഘട്ടത്തിലാണ്. ഇതിന് പുറമേയാണ് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക് ഉൾപ്പെടെയുള്ള അത്യാധുനിക സംവിധാനങ്ങളൊരുക്കുന്നത്. അപകടങ്ങളാലും പൊള്ളലേറ്റും ത്വക്കിന് കേടുപാട് സംഭവിച്ചവർക്ക് ത്വക്ക് വച്ച് പിടിപ്പിച്ചാൽ അണുബാധയുണ്ടാകാതെ ഒരുപാട് പേരുടെ ജീവൻ രക്ഷിക്കാനാകും. കൂടാതെ രോഗികളെ വൈരൂപ്യത്തിൽ നിന്നും രക്ഷിക്കാനുമാകും. ഈയൊരു ലക്ഷ്യം മുൻനിർത്തിയാണ് സ്കിൻ ബാങ്കുകൾ ആരംഭിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.ശരീരത്തിലെ ഏറ്റവും വലിയ അവയവമായ ത്വക്ക് ശേഖരിച്ച് പ്രിസർവ് ചെയ്ത് ആവശ്യമുള്ള രോഗികൾക്ക് നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ വച്ചുപിടിപ്പിക്കുകയാണ് സ്കിൻ ബാങ്കിലൂടെ ചെയ്യുന്നത്. കൃത്യമായ വീതിയിലും ഘനത്തിലും ശരീരത്തിന്റെ പരുക്കേൽക്കാത്ത ഭാഗങ്ങളിൽ നിന്നും ചർമ്മ ഗ്രാഫ്റ്റുകളെടുക്കാൻ ഉപയോഗിക്കുന്ന അത്യാധുനിക ശസ്ത്രക്രിയാ ഉപകരണമാണ് ഇലക്ട്രിക് ഡെർമറ്റോം. ഗുരുതര പൊള്ളലോ ആഘാതമോ മൂലം കേടായ ചർമ്മം പുന:നിർമ്മിക്കുന്നതിനാണ് ഇത് ഉപയോഗിക്കുന്നത്.

2022 ലാണ് കോട്ടയം മെഡിക്കൽ കോളേജിൽ ബേൺസ് യൂണീറ്റ് സാക്ഷാത്ക്കരിച്ചത്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 578 രോഗികളാണ് ഈ വിഭാഗത്തിൽ ചികിത്സ നേടിയത്. 262 സങ്കീർണ ശസ്ത്രക്രിയകളാണ് നടത്തിയത്. ഏർളി ആന്റ് അൾട്രാ ഏർളി എക്സിഷൻ ആന്റ് ഗ്രാഫ്റ്റിംഗ്, എസ്ചാറോട്ടമി (Early and ultra early excision and grafting, scharotomy) മുതലായ സർജറികൾ ഇവിടെ നടത്തി വരുന്നു.പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ കീഴിലാണ് ബേൺസ് യൂണിറ്റ് പ്രവർത്തിക്കുന്നത്. ആധുനിക സംവിധാനങ്ങളോടെ 8 കിടക്കകളും, 4 ഐസിയു കിടക്കകളും, ഓപ്പറേഷൻ തീയറ്ററുകളും ഈ വിഭാഗത്തിലുണ്ട്. ബേൺസ് ചികിത്സയിൽ പ്രത്യേക പരിശീലനവും പ്രാവീണ്യവുമുള്ള അതിനായി മാത്രം പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് സർജനാണ് ഇതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. അനസ്തേഷ്യോളജിസ്റ്റ്, ഫിസിയോതെറാപ്പി വിഭാഗം, നഴ്സസ് മുതലായവരുടെ കൂട്ടായ്മയിലൂടെ രോഗികൾക്ക് വേദനയില്ലാതെയും, പൊള്ളലേറ്റവർക്ക് ദീർഘകാലം ഉണ്ടായേക്കാവുന്ന വൈരൂപ്യം ഇല്ലാതെയുമുള്ള അത്യാധുനിക ചികിത്സയാണ് ഇവിടെ ലഭ്യമാക്കുന്നത്.

ഗുരുതരമായി പൊള്ളലേറ്റവരുടെ മരണസംഖ്യ ആഗോള തലത്തിൽ തന്നെ വലുതാണ്. അതേസമയം അനേകം രോഗികളെ രക്ഷിച്ചെടുക്കാൻ ഇവിടത്തെ ബേൺസ് യൂണിറ്റിനായി. വളരെ സങ്കീർണവും ഗുരുതരവുമായി പൊള്ളലേറ്റ രോഗികളെ ചികിൽസിക്കുന്ന ഈ യൂണിറ്റിൽ 2024ലെ മരണ നിരക്ക് 26 ശതമാനം മാത്രമാണെന്നുള്ളത് ഈ വിഭാഗത്തിലെ ചികിത്സയുടെ ഗുണമേന്മയാണ് കാണിക്കുന്നത്. 40 ശതമാനം വരെയുള്ള ആഴത്തിലുള്ള പൊള്ളലുകളും 70 ശതമാനം വരെയുള്ള ആഴം കുറഞ്ഞ പൊള്ളലുകളുമുള്ള (ഞൗലൃളശരശമഹ യൗൃി) നിരവധി രോഗികൾ വൈരൂപ്യമില്ലാതെ ഭേദമായി ഇവിടെ നിന്നും വീട്ടിൽ പോകുന്നു എന്നുള്ളതും അഭിമാനിക്കാവുന്ന നേട്ടമാണ്.

പ്ലാസ്റ്റിക് സർജറി വിഭാഗം മേധാവി ഡോ. ലക്ഷ്മി എം., പ്ലാസ്റ്റിക് സർജറി കൺസൾട്ടന്റ് - ബേൺസ് യൂണിറ്റ് ഇൻചാർജ് ഡോ. തോമസ് ഡേവിഡ്, പ്ലാസ്റ്റിക് സർജറി അസോ. പ്രൊഫസർ ഡോ. സാബു സി.പി., പ്ലാസ്റ്റിക് സർജറി അസി. പ്രൊഫസർ ഡോ. ഫോബിൻ വർഗീസ്, അനസ്തേഷ്യോളജിസ്റ്റ് കൺസൾട്ടന്റ് ഡോ. ബിറ്റ്സൻ മുതലായവരുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്.




ന്യൂറോ ഡൈവർജന്റ് ഡിസോർഡറുകൾ സംബന്ധിച്ച ശിൽപശാല തിരുവനന്തപുരത്ത് മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

# ന്യൂറോഡൈവർജന്റ് പ്രശ്നങ്ങളുള്ളവർക്ക് സമൂഹത്തിൽ കൂടുതൽ ഇടപെടാനുള്ള അവസരമൊരുക്കണം: മന്ത്രി ആർ ബിന്ദു

ന്യൂറോഡൈവർജന്റ് പ്രശ്നങ്ങളുള്ളവരുടെ ഭദ്രമായ ജീവിതത്തിന് വരുമാനദായകമായ തൊഴിൽ ചെയ്യാൻ അവരെ പരിശീലിപ്പിക്കേണ്ടതുണ്ടെന്നും അവർക്ക് സമൂഹത്തിൽ കൂടുതൽ ഇടപെടാനുള്ള അവസരമൊരുക്കി കൊടുക്കുക എന്നത് അവരുടെ വ്യക്തിത്വ വികാസത്തിൽ വല്യ സ്വാധീനം ചെലുത്തുമെന്നും സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ ബിന്ദു പറഞ്ഞു. ന്യൂറോ ഡൈവർജന്റ് ഡിസോർഡറുകൾ സംബന്ധിച്ച് സാമൂഹ്യ നീതി വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഏകദിന ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.ഇതിനകം തന്നെ പ്രധാന വിഷയങ്ങളെ ആധാരമാക്കി ഈ മേഖലയിൽ മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ചെയ്യേണ്ട പ്രവർത്തനങ്ങളെ കുറിച്ച് പ്രാഥമികമായ കാഴ്ചപ്പാടുണ്ട്. അതിനെ ഒരു ശക്തമായ പ്രൊജക്റ്റ് ആക്കി മാറ്റുകയാണ് വേണ്ടതെന്നും അതിനു ശിൽപശാല സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നുവെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ ഏർളി ഡിറ്റക്ഷൻ ആന്റ് ഏർളി ഇന്റർവൻഷൻ സെന്ററുകൾ വളരെ മികവാർന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. വളരെ ശ്ലാഘനീയമായ നിലയിലാണ് ഏർളി ഡിറ്റക്ഷൻ ആന്റ് ഏർളി ഇന്റർവൻഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത് എന്നാണ് അവിടെ വരുന്ന ന്യൂറോ ഡൈവർജെന്റ് പ്രശ്നങ്ങൾ ഉള്ള കുട്ടികളുടെ മാതാപിതാക്കൾ സാക്ഷ്യം പറയുന്നതിൽ നിന്ന് തനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു.

ഇത്തരം പ്രശനങ്ങൾ അനുഭവിക്കുന്നവരുടെ മാതാപിതാക്കൾ എപ്പോഴും കുട്ടികൾക്കൊപ്പം ഉണ്ടാകണം എന്നുള്ളതുകൊണ്ട് തന്നെ അവർക്ക് തൊഴിൽ ചെയ്യാനോ അല്ലെങ്കിൽ മാനസിക ഉല്ലാസം ലഭിക്കുന്ന കാര്യങ്ങളിൽ ഏർപ്പെടാനോ ഒന്നിലും തന്നെ സാധ്യതയില്ലാത്ത നിലയുണ്ട്. അതുകൊണ്ട് മാതാപിതാക്കളുടെ ശാക്തീകരണവും വളരെ പ്രധാനപ്പെട്ടതാണെന്ന് മന്ത്രി പറഞ്ഞു. ഏർളി ഡിറ്റക്ഷൻ ആന്റ് ഏർളി ഇന്റർവൻഷന് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ആകെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു നെറ്റ്വർക്ക് സാമൂഹ്യ നീതി വകുപ്പിന് കീഴിൽ രൂപീകരിക്കണമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്. സാമൂഹ്യ നീതി വകുപ്പാണ് അതിന് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതെന്ന് മന്ത്രി അറിയിച്ചു. സംസ്ഥാന ഭിന്നശേഷി കമ്മീഷണർ പി ടി ബാബുരാജ്, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ പ്രിയങ്ക ജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് എക്സിക്യൂട്ടീവ് ഡയറക്ടർ സുജ കെ കുന്നത്ത് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# ഗിന്നസ് റിക്കാർഡ് നൃത്തം: സംഘാടക സ്ഥാപനങ്ങളിൽ ജിഎസ്ടി റെയ്ഡ്

കൊച്ചി: കലൂർ സ്റ്റേഡിയത്തിൽ നൃത്തപരിപാടി സംഘടിപ്പിച്ച സംഘാടകരുടെ സ്ഥാപനങ്ങളിലും വീടുകളിലും റെയ്ഡ് നടത്തി സംസ്ഥാന ജിഎസ്ടി ഇൻറലിജൻസ് വിഭാഗം. തൃശൂരിലെ ഓസ്കർ ഇവൻറ്സ്, കൊച്ചിയിലെ ഇവൻറ്സ് ഇന്ത്യ, വയനാട്ടിലെ മൃദംഗവിഷൻ എന്നീ സ്ഥാപനങ്ങളിലാണ് റെയ്ഡ് നടത്തിയത്.

ജിഎസ്ടി വെട്ടിപ്പ് നടന്നെന്ന പ്രാഥമിക സൂചനയെ തുടർന്നായിരുന്നു പരിശോധന. ഗിന്നസ് റിക്കാർഡിനായി ദിവ്യ ഉണ്ണിയുടെ നേതൃത്വത്തിൽ 12,000-ത്തോളം നർത്തകരെയാണ് അണിനിരത്തിയത്. പരിപാടിൽ സംഘടിപ്പിച്ചതിൽ വലിയ സാന്പത്തിക ക്രമക്കേഡുകൾ നടന്നതായി ആരോപണം ഉണ്ടായിരുന്നു.ഈ നൃത്തപരിപാടിക്കിടെയാണ് വേദിയിൽനിന്നുവീണ് ഉമാ തോമസ് എംഎൽഎയ്ക്ക് ഗുരുതര പരിക്കേൽക്കുന്നത്.

# ഒരു സഹോദരി എന്ന നിലയ്ക്കാണ് അവരെ കണ്ടത്; പെരിയക്കേസ് പ്രതികളെ കണ്ട് പി. കെ. ശ്രീമതി

കണ്ണൂർ: പെരിയ ഇരട്ടക്കൊലപാതകക്കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികളെ ജയിലിൽ സന്ദർശിച്ച് സിപിഎം നേതാവ് പി. കെ. ശ്രീമതി. ഒരു സഹോദരി എന്ന നിലയിലാണ് ജയിലിലെത്തി അവരെ കണ്ടതെന്ന് ശ്രീമതി മാധ്യമങ്ങളോട് പറഞ്ഞു. താൻ ആരോഗ്യമന്ത്രിയായിരുന്നപ്പോൾ എംഎൽഎയായിരുന്നു കുഞ്ഞിരാമൻ. മണികണ്ഠൻ ഉൾപ്പെടെയുള്ള മറ്റ് എല്ലാവരെയും പാർട്ടി പ്രവർത്തനത്തിന്റെ ഭാഗമായി പരിചയമുണ്ട്. ആ നിലയ്ക്കാണ് ജയിലിൽ എത്തിയതെന്നും ശ്രീമതി പറഞ്ഞു.

കണ്ണൂർ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി. പി. ദിവ്യയ്ക്കൊപ്പമാണ് ശ്രീമതി ജയിലിലെത്തിയത്. പെരിയ കേസിലെ മുഴുവൻ പ്രതികളെയും കണ്ടു. ഇവരെ കാണരുതെന്ന് ആരും പറഞ്ഞിട്ടില്ലെന്നും നേരത്തെ എല്ലാ വർഷവും ക്രിസ്മസ് ദിവസം താൻ ജയിലിലെത്തി പരാമവധി പ്രതികളെ സന്ദർശിക്കാറുണ്ടായിരുന്നെന്നും ശ്രീമതി കൂട്ടിച്ചേർത്തു.

# ചോദ്യപേപ്പർ ചോർച്ച; ഷുഹൈബിന്റെ മുൻകൂർ ജാമ്യാപേക്ഷ തള്ളി

കോഴിക്കോട്: ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ എംഎസ് സൊല്യൂഷൻസ് സിഇഒ ഷുഹൈബിന്റെ മുൻകൂർ ജാമ്യാപേക്ഷ തള്ളി. കോഴിക്കോട് ജില്ലാ സെഷൻസ് കോടതിയുടേതാണ് നടപടി. ഇതോടെ ഇയാളെ ഉടൻ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യാനാണ് പോലീസിന്റെ നീക്കം.ഷുഹൈബ് വിദ്യാഭ്യാസ വകുപ്പ് ജീവനക്കാരുമായി ചേർന്ന് ഗൂഢാലോചന നടത്തി ചോദ്യപേപ്പർ ചോർത്തിയെന്ന് പ്രോസിക്യൂഷൻ കോടതിയിൽ പറഞ്ഞു. പ്രതിയെ കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യേണ്ടത് അനിവാര്യമാണെന്നും പ്രോസിക്യൂഷൻ കോടതിയിൽ വാദിച്ചു.എന്നാൽ മറ്റൊരു ഓൺലൈൻ സ്ഥാപനത്തിലെ അധ്യാപകന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് തനിക്കെതിരേ കേസെടുത്തതെന്നും അതിന് കസ്റ്റഡി ആവശ്യമില്ലെന്നുമായിരുന്നു പ്രതിഭാഗത്തിന്റെ വാദം. ഏത് അന്വേഷണത്തോടും സഹകരിക്കാമെന്നും ജാമ്യം നൽകണമെന്നും പ്രതിഭാഗം കോടതിയിൽ ആവശ്യപ്പെട്ടിരുന്നു.അതേസമയം ജാമ്യാപേക്ഷ കോടതി തള്ളിയതോടെ ഹൈക്കോടതിയെ സമീപിക്കാനാണ് ഷുഹൈബിന്റെ നീക്കം.

# എൻ. എം. വിജയന്റെ കുടുംബത്തെ സന്ദർശിച്ച് കെപിസിസി സംഘം, പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് ഉറപ്പുനല്കി

കൽപറ്റ: വയനാട്ടിൽ ജീവനൊടുക്കിയ കെപിസിസി ട്രഷറർ എൻ. എം. വിജയന്റെ മരണവുമായി ബന്ധപ്പെട്ട് ഉയർന്ന വിവാദങ്ങൾ അന്വേഷിക്കാൻ കോൺഗ്രസ് നേതൃത്വം നിയോഗിച്ച കെപിസിസി സമിതി വയനാട്ടിലെത്തി.

തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ സണ്ണി ജോസഫ്, ടി. എൻ. പ്രതാപൻ, കെ. ജയന്ത് എന്നിവരാണ് നാലംഗ സമിതിയിലുള്ളത്.

എൻ. എം. വിജയന്റെ കുടുംബത്തെ അനുനയിപ്പിച്ച സംഘം എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്നും കുടുംബത്തിന് വേണ്ടതെല്ലാം ചെയ്യുമെന്നും ഉറപ്പുനല്കി. അതേസമയം, പ്രയാസങ്ങളെല്ലാം മാറിയെന്ന് കൂടിക്കാഴ്ചയ്ക്ക് ശേഷം കുടുംബാംഗങ്ങളും പ്രതികരിച്ചു.

അച്ഛൻ വിശ്വസിച്ച പാർട്ടിക്കൊപ്പമാണ് തങ്ങളെന്നും ബാധ്യത ഉൾപ്പെടെ ഏറ്റെടുക്കുമെന്ന് നേതാക്കൾ വന്നു കണ്ടു ഉറപ്പു നൽകിയെന്നും അവർ വ്യക്തമാക്കി. അതേസമയം, എൻ. എം. വിജയന്റെ ആത്മഹത്യയ്ക്ക് കാരണമായ കോഴ വിവാദത്തിൽ പോലീസ് കേസെടുത്തു. വിജയനുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളിൽ രണ്ട് എഫ്ഐആറുകളാണ് ബത്തേരി പോലീസ് രജിസ്റ്റർ ചെയ്തത്.

# സ്വർണക്കപ്പുമായി തൃശൂരിന്റെ ചുണക്കുട്ടികൾ പൂരത്തിന്റെ നാട്ടിലെത്തി

കൊരട്ടി: ലോകകപ്പ് നേടിയ ടീമിന് ആരാധകർ നൽകിയ വരവേൽപ്പു പോലെയായിരുന്നു സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കാൽനൂറ്റാണ്ടിനു ശേഷം സ്വർണക്കപ്പു നേടി കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്തെത്തിയ തൃശൂർ ജില്ല ടീമംഗങ്ങൾക്ക് നൽകിയ സ്വീകരണം.

കലോത്സവത്തിൽ ഒരേ ഒരു പോയൻറിന്റെ വ്യത്യാസത്തിൽ തൃശൂരിന്റെ കുട്ടികൾ കപ്പടിച്ചതു മുതൽ ജില്ല കാത്തിരിക്കുകയായിരുന്നു, സ്വർണക്കപ്പിന്റെ തങ്കത്തിളക്കം നേടിത്തന്ന കുട്ടിക്കലാപ്രതിഭകളെ മനംനിറഞ്ഞ് വരവേൽക്കാൻ.

തൃശൂർ ജില്ല അതിർത്തിയായ കൊരട്ടിയിൽ ഇന്നുരാവിലെ സ്വർണക്കപ്പുമായി തൃശൂരിന്റെ ഗഡികൾ എത്തുന്നതിനും മണിക്കൂറുകൾക്കു മുന്പേ തന്നെ ആർപ്പും ആരവവുമായി ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള അധ്യാപകരും രക്ഷിതാക്കളും ജനപ്രതിധികളുമടങ്ങുന്ന ആൾക്കൂട്ടം തടിച്ചുകൂടിയിരുന്നു. കൊരട്ടിയിലേക്ക് കപ്പുമായി തൃശൂർ ടീം എത്തിയതോടെ ആർപ്പുവിളികളും കൈയടികളും ഉയർന്നു.

വർണബലൂണുകൾ വാനിലേക്കുയർത്തി തൃശൂർ ടീമിന്റെ പേരും പെരുമയും വാഴ്ത്തുന്ന കമൻററികൾ കൊണ്ട് ആവേശം വിതറിയാണ് സാംസ്കാരിക തലസ്ഥാനത്തിന്റെ മണ്ണിലേക്ക് കലയുടെ പൂരം കഴിഞ്ഞ് സ്വർണത്തിടന്പേറ്റിയെത്തിയ ടീമിനെ സ്വീകരിച്ചാനയിച്ചത്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമല്ല തൃശൂരിനാകെ ഇന്ന് വിജയ ദിനമാണെന്ന് റവന്യൂ മന്ത്രി കെ.രാജൻ പറഞ്ഞു. കൊരട്ടിയിൽ ആവേശോജ്വലമായ സ്വീകരണത്തിനിടെ പ്രസംഗിക്കുകയായിരുന്നു മന്ത്രി.

സ്കൂൾ തലത്തിലും പഞ്ചായത്ത് തലങ്ങളിലും മികവു പുലർത്തിയ കുട്ടികളെ അനുമോദിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

# സിബിഐയിൽ വിശ്വാസമില്ല; നിരപരാധിത്വം തെളിയിക്കുമെന്ന് വാളയാർ പെൺകുട്ടികളുടെ അമ്മ

പാലക്കാട്: യഥാർഥ പ്രതികളിലേക്ക് എത്താൻ കഴിയാത്തതുകൊണ്ടാണ് സിബിഐ തങ്ങളെ കേസിൽ പ്രതി ചേർത്തതെന്ന് വാളയാർ പെൺകുട്ടികളുടെ അമ്മ. തങ്ങൾക്കെതിരേ ആരോപണം ഉന്നയിക്കുന്ന സിബിഐ തെളിവ് തരട്ടെ. ഇതിലും ഭേദം കേരളാ പോലീസായിരുന്നെന്നും അവർ പ്രതികരിച്ചു.

സിബിഐയിൽ വിശ്വാസമില്ല. തങ്ങളുടെ നിരപരാധിത്വം തെളിയിക്കും. നിയമപോരാട്ടവുമായി മുന്നോട്ട് പോകുമെന്നും അവർ പറഞ്ഞു.

വാളയാർ കേസിൽ പെൺകുട്ടികളുടെ മാതാപിതാക്കൾക്കെതിരേ പ്രേരണാക്കുറ്റം ചുമത്തിക്കൊണ്ടാണ് സിബിഐ കുറ്റപത്രം സമർപ്പിച്ചത്.പെൺകുട്ടികൾ പലതവണ ലൈംഗിക ചൂഷണത്തിന് ഇരയായെന്ന കാര്യം മാതാപിതാക്കൾക്ക് അറിവുണ്ടായിരുന്നിട്ടും ഇക്കാര്യം പോലീസിനെ അറിയിച്ചില്ല. ചൂഷണം തുടർന്നതോടെയാണ് പെൺകുട്ടികൾ ജീവനൊടുക്കിയതെന്ന് കൊച്ചി സിബിഐ കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നു.

ഐപിസി വകുപ്പുകളും പോക്സോ വകുപ്പുകളും ഇവർക്കെതിരേ ചുമത്തിയിട്ടുണ്ട്. കേസന്വേഷിച്ച സിബിഐ തിരുവനന്തപുരം യൂണിറ്റാണ് ഇതുമായി ബന്ധപ്പെട്ടുള്ള ആറ് കേസുകളിലെ കുറ്റപത്രം സമർപ്പിച്ചത്.

# പുതിയ ഓപ്ഷൻ രജിസ്റ്റർ ചെയ്യാം

കേരളത്തിലെ ഗവ. ലോ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2024-25 ലെ എൽ.എൽ.എം കോഴ്സ് പ്രവേശനത്തിന് രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് നടപടികൾ www.cee.kerala.gov.in ൽ ആരംഭിച്ചു. വിദ്യാർഥികൾക്ക് പുതിയ ഓൺലൈൻ ഓപ്ഷനുകൾ 10ന് ഉച്ചയ്ക്ക് 2 വരെ രജിസ്റ്റർ ചെയ്യാം. രണ്ടാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് രജിസ്ട്രേഷൻ ഫീസ്, മറ്റു നിബന്ധനകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

# ഇൻകുബേഷൻ സെന്ററിലേക്ക് അപേക്ഷ ക്ഷണിച്ചു

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കെ.ഐ.ഇ.ഡി) ആരംഭിക്കുന്ന ഇൻകുബേഷൻ സെന്ററിലേക്ക് അപേക്ഷ ക്ഷണിച്ചു. അങ്കമാലിയിലുള്ള കെ.ഐ.ഇ.ഡിയുടെ എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്ററിലാണ് ഇൻകുബേഷൻ സെന്റർ. 21 ക്യൂബിക്കിൾ സ്പേസാണുള്ളത്. സഹകരണം, സർഗ്ഗാത്മകത, ഉൽപ്പാദനക്ഷമത എന്നിവ പ്രോത്സാഹിപ്പിക്കുന്ന രീതിയിലാണ് അത്യാധുനിക ഇൻകുബേഷൻ/ വർക്ക്സ്പേസ് രൂപകൽപന ചെയ്തിരിക്കുന്നത്. ഹൈസ്പീഡ് വൈ-ഫൈ സൗകര്യം, എയർകണ്ടീഷൻ ചെയ്ത വർക്ക്സ്പേസ്, മീറ്റിങ് ഹാൾ ആൻഡ് കോൺഫറൻസ് ഹാൾ എന്നീ സൗകര്യങ്ങളുമുണ്ട്. പ്രതിമാസം 5,000 രൂപയാണ് (ജി എസ് ടി കൂടാതെ) ഒരു ക്യൂബിക്കിളിന്റെ സർവീസ് ചാർജ്. താൽപര്യമുള്ളവർ ഠഠഠ.സശലറ.ശിളീ/ശിരൗയമശേീ/ ൽ ജനുവരി 31 നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0484-2532890, 0484-2550322, 9446047013, 7994903058.

# പരിശീലനപരിപാടി നടത്തി

നാഷണൽ സാമ്പിൾ സർവെ ഓഫീസ് നടത്തുന്ന എൻ.എസ്.എസ് 80-ാം റൗണ്ട് സർവേയുടെ സംസ്ഥാന തല പരിശീലനപരിപാടി വികാസ് ഭവനിലെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ സംഘടിപ്പിച്ചു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.രാജൻ.എൻ.കോബ്രഗഡേ ഉദ്ഘാടനം ചെയ്തു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ശ്രീകുമാർ.ബി യോഗത്തിൽ അധ്യക്ഷത വഹിച്ചു. ആയുഷ് സർവെ:2022-23 ന്റെ പ്രധാന സൂചകങ്ങളുടെ പ്രകാശന കർമ്മം ഡോ.രാജൻ.എൻ കോബ്രഗഡേ നിർവഹിച്ചു. കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെർമാൻ പി.സി മോഹനൻ മുഖ്യപ്രഭാഷണം നടത്തി. എൻ.എസ്.ഒ (എഫ്.ഒ.ഡി) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ വിബീഷ്.ഇ.എം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് അഡീഷണൽ ഡയറക്ടർ (ജനറൽ) വിനോദൻ.ടി.പി, അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ് ഇൻകം), മനോജ് .എം, അഡീഷണൽ ഡയറക്ടർ (പ്രൈസസ്) ഡോ.കെ.ജി ഗീത എന്നിവർ പങ്കെടുത്തു.

# സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ സിറ്റിങ്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ 13ന് രാവിലെ 11ന് എറണാകുളം ഗവ. ഗസ്റ്റ് ഹൗസിൽ സിറ്റിംഗ് നടത്തും. മഹേന്ദ്ര മേതര സമുദായാംഗങ്ങൾക്ക് വിദ്യാഭ്യാസത്തിനും തൊഴിലിനും സംവരണം, മരുത്തുവർ സമുദായത്തെ ഒ.ഇ.സി വിദ്യാഭ്യാസ ആനുകൂല്യത്തിനായുള്ള പട്ടികയിൽ ഉൾപ്പെടുക,

വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു എം.ബി.സി.എഫ് സംസ്ഥാന സെക്രട്ടറി അഡ്വ. പയ്യന്നൂർ ഷാജി സമർപ്പിച്ച ഹർജി എന്നിവ പരിഗണിക്കും. സിറ്റിംഗിൽ കമ്മിഷൻ ചെയർമാൻ ജസ്റ്റിസ്. ജി ശശിധരൻ, മെമ്പർമാരായ സുബൈദാ ഇസ്ഹാക്ക്, ഡോ. എ വി ജോർജ്ജ്, കമ്മിഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

# പി.ജി മെഡിക്കൽ: ഓപ്ഷൻ രജിസ്ട്രേഷൻ

2024 ലെ പി.ജി മെഡിക്കൽ കോഴ്സിലേക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റിനായി സർക്കാർ/ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയും ആർ.സി.സി.യിലേയും സീറ്റുകളിലേക്ക് ഠഠഠ.രലല.സലൃമഹമ.ഴീ.ശി വഴി ഓപ്ഷൻ രജിസ്റ്റർ ചെയ്യാം. 2024 ലെ പി.ജി മെഡിക്കൽ മെരിറ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും നീറ്റ് യോഗ്യതയിൽ ഇളവ് നൽകിയത് മൂലം പുതിയതായി അപേക്ഷിച്ചവർക്കും 13ന് വൈകിട്ട് 3 മണി വരെ പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ഓപ്ഷൻ സമർപ്പിക്കാം. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ സീനിയർ റസിഡന്റ് (പത്തോളജി) തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ജനുവരി 27ന് വൈകിട്ട് 3 മണിവരെ അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾക്ക്: www.rcctvm.gov.in.

# സീനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ഒഴിവ്

ട്രഷറി ഡയറക്ടറേറ്റിൽ കരാർ അടിസ്ഥാനത്തിൽ സീനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ അപേക്ഷിക്കാം. വിശദവിവരങ്ങൾ www.treasury.kerala.gov.in ൽ ലഭിക്കും. അപേക്ഷകൾ ജനുവരി 25നകം ലഭിക്കണം.

# അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കാം

മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്ക് പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിൽ ന്യൂനതകൾ പരിഹരിക്കുന്നതിനും 10ന് വൈകിട്ട് 3 മണി വരെ www.cee.kerala.gov.in വഴി ഇതിനുള്ള അവസരം ലഭിക്കും. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

# കമ്മിൻസ് വിശ്രമിക്കും, സ്മിത്ത് നയിക്കും, കോണോലി അരങ്ങേറും: ലങ്കയിലേക്ക് പറക്കാനുള്ള ഓസീസ് ടീമായി

സിഡ്നി: ശ്രീലങ്കൻ പര്യടനത്തിനുള്ള ഓസ്ട്രേലിയൻ ടീമിനെ പ്രഖ്യാപിച്ചു. പരിക്കിനെ തുടർന്ന് നായകൻ പാറ്റ് കമ്മിൻസിനു വിശ്രമം അനുവദിച്ചപ്പോൾ പകരം സ്റ്റീവ് സ്മിത്താകും ടീമിനെ നയിക്കുക. രണ്ട് ടെസ്റ്റ് മത്സരങ്ങളുടെ പരമ്പരയിലെ ആദ്യ മത്സരം 29ന് ആരംഭിക്കും.ഓസ്ട്രേലിയ അണ്ടർ 19 ലോകകപ്പ് നായകനായിരുന്ന ഓൾറൗണ്ടർ കൂപ്പർ കോണോലി ടെസ്റ്റ് അരങ്ങേറ്റം കുറിക്കും. അതേസമയം, ഓപ്പണർ നഥാൻ മക്സ്വീനി ടീമിലേക്ക് തിരിച്ചെത്തി. ഇന്ത്യയ്ക്കെതിരായ പരമ്പരയിൽ നിറം മങ്ങിയ താരം അവസാന രണ്ട് ടെസ്റ്റിൽ പുറത്തിരിക്കുകയായിരുന്നു.സ്പിന്നർമാരായ മാറ്റ് കുനേമാൻ, ടോഡ് മർഫി എന്നിവരും ടീമിൽ തിരിച്ചെത്തിയപ്പോൾ പരിക്ക് അലട്ടുന്ന ജോഷ് ഹേസിൽവുഡിനെയും മിച്ചൽ മാർഷിനെയും ഒഴിവാക്കി. അതേസമയം, യുവതാരം സാം കോൺസ്റ്റാസും ബ്യൂ വെബ്സ്റ്ററും ടീമിൽ തുടരും.ഓസ്ട്രേലിയൻ ടീം: സ്റ്റീവ് സ്മിത്ത് (ക്യാപ്റ്റൻ), സീൻ ആബട്ട്, സ്കോട്ട് ബോളണ്ട്, അലക്സ് കാരി, കൂപ്പർ കോണോലി, ട്രാവിസ് ഹെഡ്, ജോഷ് ഇംഗ്ലിസ്, ഉസ്മാൻ ഖവാജ, സാം കോൺസ്റ്റാസ്, മാറ്റ് കുനേമാൻ, മാർനസ് ലബുഷെയ്ൻ, നഥാൻ ലയോൺ, നഥാൻ മക്സ്വീനി, ടോഡ് മർഫി, മിച്ചൽ സ്റ്റാർക്ക്, ബ്യൂ വെബ്സ്റ്റർ.

# ലൈഫ്, സാധാരണക്കാരുടെ ജീവിതത്തെ മാറ്റിമറിച്ച പദ്ധതി: എം.ബി രാജേഷ്

## 25 കുടുംബങ്ങൾക്ക് വീടൊരുങ്ങുന്നു; ലയൺസ് ലൈഫ് വില്ലേജ് പദ്ധതിയുടെ ശിലാസ്ഥാപനം നടത്തി

ഭവനരഹിതരായ സാധാരണ ജനങ്ങളുടെ ജീവിതത്തെ മാറ്റിമറിച്ച, ഇന്ത്യയിൽ തന്നെ സമാനതകളില്ലാത്ത ബൃഹത് പദ്ധതിയാണ് ലൈഫ് എന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ്. കിളിമാനൂർ പോങ്ങനാട് എസ്.എസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച, 25 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുന്ന ലയൺസ് ലൈഫ് വില്ലേജ് പദ്ധതിയുടെ ശിലാസ്ഥാപനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 4,24,800 പേർക്ക് വീട് നിർമ്മിച്ചുനൽകി. 5,38,318 പേർ ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളാണ്. ഒരു ലക്ഷത്തി പതിനാലായിരത്തോളം വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. വീടിന്റെ സുരക്ഷിതത്വത്തിലും സമാധാനത്തിലുമാണ് ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾ. ഓരോരുത്തർക്കും അന്തസ്സോടെ ജീവിക്കാനുള്ള വീടാണ് സർക്കാർ നിർമ്മിച്ചുനൽകുന്നത്.

ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ തുക ഭവന നിർമ്മാണത്തിനായി കേരളം നൽകുന്നു. സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് വലിയ സാമ്പത്തിക ബാധ്യതയാണ്. രാജ്യത്തിന് തന്നെ മാതൃകയായ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും സർക്കാരുമായി കൈകോർക്കുന്നതുകൊണ്ടാണെന്നും മന്ത്രി പറഞ്ഞു.കിളിമാനൂർ തെന്നൂരിൽ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1.43 ഏക്കറിലാണ് വീടൊരുക്കുന്നത്. 454 ചതുരശ്രയടിയിൽ രണ്ട് കിടപ്പുമുറി, ഹാൾ, അടുക്കള, ശൗചാലയം എന്നീ സൗകര്യങ്ങളുള്ള വീടുകളാണ് നിർമ്മിക്കുന്നത്. കിളിമാനൂരിൽ 25 വീടുകളും ഒരു അമിനിറ്റി സെന്ററുമാണ് നിർമ്മിക്കുന്നത്. ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 എയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ലൈഫ് മിഷനും കൈകോർത്തുകൊണ്ട് 100 കുടുംബങ്ങൾക്കാണ് ലയൺസ് ലൈഫ് വില്ലേജ് പദ്ധതിയിലൂടെ അടച്ചുറപ്പുള്ള ഭവനങ്ങൾ നിർമ്മിച്ചുനൽകുന്നത്.

ഒ.എസ് അംബിക എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കിളിമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.ആർ മനോജ്, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂരജ് ഷാജി, ലയൺസ് ഇന്റർനാഷണൽ 318 എ ഡിസ്ട്രിക്ട് ഗവർണർ എം.എ വഹാബ്, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# വിവാഹവാർഷികദിനത്തിൽ വിവാഹവസ്ത്രങ്ങളണിഞ്ഞ് ദമ്പതികൾ ജീവനൊടുക്കി

മുംബൈ: ഇരുപത്തിയാറാം വിവാഹവാർഷിക ദിനത്തിൽ വിവാഹവസ്ത്രങ്ങളണിഞ്ഞ് ദമ്പതികൾ വീടിനുള്ളിൽ ജീവനൊടുക്കി. പ്രമുഖ ഹോട്ടലുകളിൽ ഷെഫ് ആയി ജോലി ചെയ്തിരുന്ന ജെറിൽ ഡാംസൺ (57), ഭാര്യ ആനി (46) എന്നിവരാണു മരിച്ചത്.

നാഗ്പുരിലാണു സംഭവം. വിവാഹവാർഷികത്തോടനുബന്ധിച്ച് ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കുമായി ഇവർ വിരുന്ന് നൽകിയിരുന്നു. ഇതിനുശേഷമായിരുന്നു ആത്മഹത്യ.

ആദ്യം ആനിയാണ് ജീവനൊടുക്കിയതെന്നാണു പോലീസ് നിഗമനം. ഇവരുടെ മൃതദേഹം കട്ടിലിൽ വെള്ളപ്പൂക്കൾകൊണ്ട് കിടക്ക അലങ്കരിച്ച് വെള്ളത്തുണി പുതപ്പിച്ച നിലയിലായിരുന്നു. ഭാര്യയുടെ മൃതദേഹം അലങ്കരിച്ചശേഷം ജെറിൽ ഫാനിൽ തൂങ്ങിമരിക്കുകയായിരുന്നെന്നു കരുതുന്നതായി പോലീസ് പറഞ്ഞു.

മരിക്കും മുൻപ് സമൂഹമാധ്യമത്തിൽ ആത്മഹത്യാക്കുറിപ്പും വിൽപത്രവും പോസ്റ്റ് ചെയ്തിരുന്നു. എന്നാൽ, എന്തിനാണു ജീവനൊടുക്കിയതെന്നു വ്യക്തമല്ല. മക്കളില്ലാത്തതിന്റെ ദുഃഖം അലട്ടിയിരുന്നതായി ബന്ധുക്കൾ പോലീസിനോടു പറഞ്ഞു.

കോവിഡിനു മുൻപു ഹോട്ടലുകളിൽ ഷെഫ് ആയി ജോലി ചെയ്തിരുന്ന ജെറിൽ പിന്നീട് ജോലി ഉപേക്ഷിച്ചിരുന്നു. സാമ്പത്തിക ബാധ്യതയുണ്ടായിരുന്നതായി സൂചനയുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചശേഷം കൂടുതൽ അന്വേഷണം നടത്തുമെന്നു പോലീസ് അറിയിച്ചു.

# ബംഗാൾ ഉൾക്കടലിനും ഇന്ത്യൻ മഹാസമുദ്രത്തിനും മുകളിൽ ചക്രവാതച്ചുഴി; ഇടിയോടുകൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം നേരിയ മഴയ്ക്കും ഞായർ, തിങ്കൾ ദിവസം ഇടിമിന്നലോടു കൂടിയ ഒറ്റപ്പെട്ട മഴയ്ക്കും സാധ്യത. അതേസമയം, കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ അഞ്ചുദിവസത്തേക്കുള്ള മഴ പ്രവചനം അനുസരിച്ച് ഒരു ജില്ലകളിലും പ്രത്യേക മുന്നറിയിപ്പില്ല.തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടലിനും ഭൂമധ്യ രേഖയ്ക്ക് സമീപമുള്ള ഇന്ത്യൻ മഹാസമുദ്രത്തിനും മുകളിലായി ചക്രവാതച്ചുഴി സ്ഥിതിചെയ്യുന്നുണ്ട്. ഇതിന്റെ ഫലമായാണ് സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യത.ഇന്ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലാണ് നേരിയ മഴയ്ക്ക് സാധ്യതയുള്ളത്. വെള്ളിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിലും ശനിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലും നേരിയ മഴയ്ക്ക് സാധ്യതയുണ്ട്.അതേസമയം, ഞായറാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ മിതമായതോ നേരിയതോ ആയ മഴയ്ക്കും തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ നേരിയ മഴയ്ക്കും സാധ്യതയുണ്ട്. കൂടാതെ തിങ്കളാഴ്ച എല്ലാ ജില്ലകളിലും മിതമായതോ നേരിയതോ ആയ മഴയ്ക്ക് സാധ്യതയുണ്ട്.

ശബരിമലയിലെ പ്രത്യേക കാലാവസ്ഥാ പ്രവചനം അനുസരിച്ച് ഇന്ന് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആകാശം ഭാഗികമായി മേഘാവൃതമായിരിക്കും. നേരിയ മഴയ്ക്ക് സാധ്യതയുണ്ട്.

അതേസമയം, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് തെക്കൻ തമിഴ്നാട് തീരം, ഗൾഫ് ഓഫ് മന്നാർ അതിനോട് ചേർന്ന കന്യകുമാരി പ്രദേശം എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 65 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ഇന്ന് തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിന്റെ ഭാഗങ്ങൾ, അതിനോട് ചേർന്ന തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

വെള്ളിയാഴ്ച തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന്റെ ഭാഗങ്ങൾ, അതിനോടു ചേർന്ന തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ശനിയാഴ്ചയും ഞായറാഴ്ചയും തെക്കൻ തമിഴ്നാട് തീരം, ഗൾഫ് ഓഫ് മന്നാർ അതിനോട് ചേർന്ന കന്യകുമാരി പ്രദേശം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. മേൽപ്പറഞ്ഞ തീയതികളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകുവാൻ പാടുള്ളതല്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

# അണ്ണാ നഗർ പോക്സോ കേസ്; വനിതാ പോലീസ് ഇൻസ്പെക്ടർ അറസ്റ്റിൽ

ചെന്നൈ: അണ്ണാ നഗർ പോക്സോ കേസിൽ വനിത പോലീസ് ഇൻസ്പെക്ടർ അറസ്റ്റിൽ. അണ്ണാ നഗർ വനിത പോലീസ് സ്റ്റേഷനിൽ ഇൻസ്പെക്ടർ ആയിരുന്ന രാജി ആണ് അറസ്റ്റിലായത്. സുപ്രീംകോടതി നിയോഗിച്ച വനിത ഐപിഎസ് ഉദ്യോഗസ്ഥർ അടങ്ങുന്ന പ്രത്യേക സംഘം ആണ് രാജിയെയും എഐഎഡിഎംകെ പ്രവർത്തകനായ സുധാകറിനെയും അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ഓഗസ്റ്റിൽ 10 വയസുകാരി ബലാത്സംഗം ചെയപ്പെട്ട സംഭവത്തിലാണ് അറസ്റ്റ്.

കേസിൽ ഒത്തുതീർപ്പിന് വഴങ്ങാത്തതിന്റെ പേരിൽ കുട്ടിയുടെ അമ്മയെയും അച്ഛനെയും രാജി മർദിച്ചിരുന്നു. പോലീസ് സ്റ്റേഷനിൽ പ്രതിയുടെ സാന്നിധ്യത്തിലായിരുന്നു മർദനം. പെൺകുട്ടി അയൽക്കാരനായ പ്രതിയുടെ പേര് കൃത്യമായി പറഞ്ഞിട്ടും അയാളെ അറസ്റ്റ് ചെയ്യാതെ കുട്ടിയുടെ ബന്ധുവായ പതിനാലുകാരനെ അറസ്റ്റ് ചെയ്തതും വിവാദമായിരുന്നു. ഒടുവിൽ 10 ദിവസത്തിന് ശേഷമാണ് പ്രതി സതീഷ് അറസ്റ്റിലായത്.

സതീഷിനെ സഹായിച്ചതിന്റെ പേരിലാണ് എഐഎഡിഎംകെ പ്രവർത്തകൻ ആയ സുധാകറിനെ അറസ്റ്റ് ചെയ്തതെന്നും പ്രത്യേക അന്വേഷണ സംഘം വ്യക്തമാക്കി.

# കെഎസ്ആർടിസി സ്വിഫ്റ്റ് ബസ് ഓട്ടോയിൽ ഇടിച്ച് നാലു വയസുകാരിക്ക് ദാരുണാന്ത്യംപ

തൃശൂർ: കെഎസ്ആർടിസി ബസ് ഓട്ടോയിൽ ഇടിച്ച് നാലു വയസുകാരി മരിച്ചു. മുള്ളൂക്കര സ്വദേശി ഫാത്തിമ ആണ് മരിച്ചത്.

തൃശൂർ ഓട്ടുപാറയിൽ പുലർച്ചെ ഒന്നോടെയായിരുന്നു അപകടം. ഫാത്തിമ പിതാവിനും ഗർഭിണിയായ മാതാവിനുമൊപ്പം ആശുപത്രിയിലേക്ക് പോകുന്നതിനിടെ ആണ് അപകടമുണ്ടായത്.

# ഇടുക്കിയിൽ വീട്ടിൽ നട്ടു വളർത്തിയ കഞ്ചാവ് ചെടിയുമായി യുവാവ് പിടിയിൽ

ഇടുക്കി: വീട്ടിൽ നട്ടു വളർത്തിയ കഞ്ചാവ് ചെടിയുമായി ഇടുക്കി മച്ചിപ്ലാവിൽ യുവാവ് പിടിയിൽ. മച്ചിപ്ലാവ് ഓലിക്കുന്നേൽ വീട്ടിൽ രമണൻ ആണ് പിടിയിലായത്.

വീട്ടിൽ നട്ടുവളർത്തി പരിപാലിച്ചു വന്നിരുന്ന 66 സെന്റീമീറ്റർ നീളമുള്ള കഞ്ചാവ് ചെടിയുമായയാണ് ഇയാളെ അറസ്റ്റ് ചെയ്തത്. അടിമാലി നാർക്കോട്ടിക് എൻഫോഴ്സ്മെൻറ് സ്ക്വാഡിന് കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് ചെടി കണ്ടെടുത്തത്.

കഞ്ചാവ് ചെടി നട്ടു വളർത്തുന്നത് പത്ത് വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

# വിവരം നിഷേധിച്ച രണ്ട് ഓഫീസർമാർക്ക് 10000 രൂപ പിഴ; വിരമിച്ച ഓഫീസർക്ക് ജപ്തി ഉത്തരവ്

വിരമിച്ച ഓഫീസർ ഉൾപ്പെടെ വിവരം നിഷേധിച്ച രണ്ട് ഉദ്യോഗസ്ഥർക്ക് അയ്യായിരം രൂപ വീതം പിഴ വിധിച്ച് സംസ്ഥാന വിവരാവകാശ കമ്മിഷൻ. വിരമിച്ച ഉദ്യോഗസ്ഥൻ നേരിട്ടെത്തി ഫൈൻ ഒടുക്കിയില്ലെങ്കിൽ സ്വത്തുക്കളിൽ സ്ഥാപിച്ച് ജപ്തി നടപടികളിലൂടെ പണം ഈടാക്കാനും സംസ്ഥാന വിവരവാകാശ കമ്മിഷണർ ഡോ.എ. അബ്ദുൽ ഹക്കിം ഉത്തരവായി.

തിരുവനന്തപുരം ജില്ലയിൽ മുള്ളുവിള പോങ്ങിൽ പി.സി.പ്രദീജയുടെ പരാതിയിലാണ് അതിയന്നൂർ ഗ്രാമ പഞ്ചായത്തിൽ നിന്ന് വിരമിച്ച മുൻ വിവരാധികാരിയെ ശിക്ഷിച്ചത്. കോഴിക്കോട് നൊച്ചാട് ഇമ്പിച്ച്യാലിയുടെ പരാതിയിൽ നൊച്ചാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് ശിക്ഷിക്കപ്പെട്ടത്. ഇരുവരും ജനുവരി 20 നകം പിഴയടക്കണം. സർവ്വീസിലുള്ള ഉദ്യോഗസ്ഥർ നിശ്ചിത സമയത്തിനകം പിഴ ഒടുക്കിയില്ലെങ്കിൽ ശമ്പളത്തിൽ നിന്ന് പിടിക്കുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യും.

# പമ്പയിൽ മദ്യപിച്ച ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്ക് സസ്‌പെൻഷൻ

പന്പ: ഡ്യൂട്ടി സമയത്ത് മദ്യപിച്ച സംഭവത്തിൽ പമ്പയിൽ പിടിയിലായ അഗ്നിരക്ഷാസേനാ ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ. ചങ്ങനാശേരി ഫയർ സ്റ്റേഷനിലെ എസ്. സുബീഷ്, ഗാന്ധിനഗർ സ്റ്റേഷനിലെ പി. ബിനു എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്.

ജോലിക്കിടെ കാറിനുള്ളിൽ വച്ച് മദ്യപിച്ചതിന് പമ്പാ പോലീസ് ഇരുവരെയും ഡിസംബർ 28ന് അറസ്റ്റ് ചെയ്തിരുന്നു. ഇതേ തുടർന്നാണ് നടപടി.

അതിനിടെ മണ്ഡല - മകരവിളക്ക് കാലയളവിൽ ഇതുവരെ അരക്കോടിയിലേറെ തീർഥാടകരാണ് ശബരിമല ദർശനം നടത്തിയത്. ബുധനാഴ്ച ഉച്ചവരെ ലഭിച്ച കണക്ക് അനുസരിച്ച് 50,86667 പേർ ദർശനത്തിന് എത്തി. 40,95566 ഭക്തരാണ് മണ്ഡലകാലത്ത് എത്തിയത്.

# ശംഭുവിൽ സമരം ചെയ്ത ഒരു കർഷകൻ കൂടി ജീവനൊടുക്കി

ന്യൂഡൽഹി: ശംഭു അതിർത്തിയിൽ പ്രതിഷേധവുമായി എത്തിയ ഒരു കർഷകൻ കൂടി ജീവനൊടുക്കി. രേഷം സിംഗ് (55) ആണ് ജീവനൊടുക്കിയത്. വിഷം കഴിച്ച ഇയാളെ പട്യാലയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

സമരങ്ങൾ നടത്തിയിട്ടും കേന്ദ്രസർക്കാർ പ്രശ്നങ്ങൾ പരിഹരിക്കാത്തതിൽ രേഷം സിംഗ് അതൃപ്തനായിരുന്നുവെന്ന് കർഷക നേതാക്കൾ പറഞ്ഞു. ഡിസംബർ 18ന് ശംഭു അതിർത്തിയിൽ മറ്റൊരു കർഷകനായ രഞ്ജോദ് സിംഗ് ജീവനൊടുക്കിയിരുന്നു.സംയുക്ത കിസാൻ മോർച്ച, കിസാൻ മസ്ദൂർ മോർച്ച എന്നിവയുടെ നേതൃത്വത്തിലാണ് കർഷകരുടെ പ്രതിഷേധം.

# തിരുപ്പതി ദുരന്തത്തിൽ മരിച്ചവരിൽ പാലക്കാട് സ്വദേശിനിയും

ഹൈദരാബാദ്: തിരുപ്പതി ക്ഷേത്രത്തിൽ തിക്കിലും തിരക്കിലുംപെട്ട് മരിച്ചവരിൽ പാലക്കാട് സ്വദേശിനിയും. പാലക്കാട് വണ്ണാമട വെള്ളാരംകൽമേട് സ്വദേശിനി നിർമല (52) ആണ് മരിച്ചതെന്ന് ബന്ധുക്കൾ സ്ഥിരീകരിച്ചു. മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങി.

അപകടമുണ്ടായശേഷം മരിച്ച ആറുപേരിൽ ഉൾപ്പെട്ടിരുന്ന നിർമല കർണാടക സ്വദേശിനിയാണെന്നായിരുന്നു പോലീസ് ആദ്യം നൽകിയ വിവരം. പിന്നീട് ഈ വിവരം തിരുത്തി നല്കുകയായിരുന്നു.

നിർമലയും ബന്ധുക്കളും ഉൾപ്പെടെയുള്ള ആറംഗ സംഘം ചൊവ്വാഴ്ചയാണ് തിരുപ്പതി ദർശനത്തിനായി പോയത്. തിരക്കിലും തിരക്കിലും പെട്ട് നിർമല മരിച്ച വിവരം വൈകിയാണ് ബന്ധുക്കൾ അറിഞ്ഞത്.

ബുധനാഴ്ച രാത്രി വൈകുണ്ഠ ഏകാദശി ദർശനത്തിനായി താഴെ തിരുപ്പതിയിലെ കൂപ്പൺ വിതരണ കൗണ്ടറിലാണ് അപകടമുണ്ടായത്. ആയിരകണക്കിന് പേർ കൂപ്പൺ വിതരണ കൗണ്ടറിലെ ക്യൂവിലേക്ക് ഇടിച്ചുകയറിയതോടെയാണ് ദുരന്തത്തിൽ കലാശിച്ചത്. അപകടത്തിൽ ആറു പേരാണ് മരിച്ചത്. നിരവധി പേർക്കാണ് പരിക്കേറ്റത്.

# ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള സർക്കാരിനു കീഴിലുള്ള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനമായ എസ്.സി.ഇ.ആർ.ടി കേരളയിൽ മലയാളം അസിസ്റ്റന്റ് പ്രൊഫസർ/ റിസർച്ച് ഓഫീസർ ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിന് സർക്കാർ സ്കൂളുകൾ, സർക്കാർ അധ്യാപക പരിശീലന കേന്ദ്രങ്ങൾ, സർക്കാർ കോളജുകൾ, സർക്കാർ ട്രെയിനിങ് കോളജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ ജോലിചെയ്യുന്ന ഫുൾടൈം അധ്യാപകരിൽ നിന്ന് നിശ്ചിത മാതൃകയിൽ അപേക്ഷ ക്ഷണിച്ചു.

അപേക്ഷകൾ വകുപ്പുമേലധികാരികളുടെ നിരാക്ഷേപ പത്രം സഹിതം 25ന് മുമ്പ് ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരങ്ങൾക്ക്: www.scert.kerala.gov.in .

# അരശുമൂട് - കുഴിവിള റോഡിൽ ഗതാഗത നിയന്ത്രണം

പൊതുമരാമത്ത് വകുപ്പ് കഴക്കൂട്ടം സെക്ഷന്റെ പരിധിയിൽ വരുന്ന അരശുമൂട് - കുഴിവിള റോഡിൽ വാഴപ്പണ ഭാഗത്ത് കലുങ്ക് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതിനാൽ ജനുവരി 10 മുതൽ ഫെബ്രുവരി 09 വരെ ഭാഗികമായി ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കുന്നതാണെന്ന് പി.ഡബ്ല്യു.ഡി റോഡ്സ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. പൊതുജനങ്ങൾ പരമാവധി അനുബന്ധ റോഡുകൾ ഉപയോഗിക്കണമെന്നും അറിയിച്ചിട്ടുണ്ട്.

# വിമുക്ത ഭടന്മാരുടെ മക്കൾക്ക് സ്കോളർഷിപ്പ്

വിമുക്തഭടന്മാരുടെ മക്കൾക്ക് ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പ് നൽകുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു. പത്താം ക്ലാസ്സ് മുതൽ പോസ്റ്റ് ഗ്രാജുവേഷൻ വരെയുള്ള റെഗുലർ കോഴ്സുകളുടെ വാർഷിക പരീക്ഷയിൽ ആകെ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയവരും മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരുമായ വിമുക്തഭടന്മാരുടെ മക്കൾക്ക് അപേക്ഷിക്കാം.അപേക്ഷയും അനുബന്ധ രേഖകളും ജനുവരി 26ന് മുമ്പ് ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ ലഭ്യമാക്കണം. നിശ്ചിത അപേക്ഷാ ഫോറം www.sainikwelfarekerala.org എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കും. സർക്കാരിൽ നിന്നും മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നവർ, നവോദയ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ എന്നിവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.ഫോൺ: 0471- 2472748.

# സ്ട്രേ വേക്കൻസി അലോട്ട്മെന്റ്: അപേക്ഷ ക്ഷണിച്ചു

2024-ലെ പി.ജി.ആയുർവേദ ഡിഗ്രി/ ഡിപ്ലോമ കോഴ്സിലേക്കുള്ള അഞ്ചാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റിനായി ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. പ്രവേശനം നേടാൻ താത്പര്യമുള്ളവർ ജനുവരി 10ന് ഉച്ചയ്ക്ക് 2ന് മുമ്പ് ംംം.രലല.സലൃമഹമ.ഴീ.ശി ൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം ഓപ്ഷനുകളും സമർപ്പിക്കാം. ഓപ്ഷൻ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള അവസാന തീയതി ജനുവരി 10ന് ഉച്ചതിരിഞ്ഞ് 3 മണിവരെയാണ്. വിശദമായ വിജ്ഞാപനം, പ്രോസ്പെക്ടസ് എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്. ഹെൽപ്പ് ലൈൻ: 0471-2525300.

# പന്നിക്കെണിയിൽനിന്നും ഷോക്കേറ്റ് കർഷകത്തൊഴിലാളി മരിച്ചു

കൊല്ലം: പന്നിക്കുവച്ച കെണിയിൽനിന്ന് ഷോക്കേറ്റ് കർഷകത്തൊഴിലാളി മരിച്ചു. പോരുവഴി സ്വദേശി സോമൻ (52) ആണ് മരിച്ചത്.പന്നിയെ തുരുത്താനുള്ള വൈദ്യുതിക്കെണിയിൽപെട്ടാണ് മരണം. സംഭവത്തിൽ പോലീസ് മേൽ നടപടികൾ സ്ഥിരീകരിച്ചു.

# മൂർഖൻ കഴുത്തിൽ ചുറ്റി; തൊഴിലാളി രക്ഷപ്പെട്ടത് തലനാരിഴയ്ക്ക്

നെടുമങ്ങാട് : തൊഴിലുറപ്പ് ജോലിക്കിടെയുള്ള വിശ്രമത്തിനിടയിൽ തൊഴിലാളിയുടെ കഴുത്തിൽ മൂർഖൻ പാമ്പ് ചുറ്റി. കഴുത്തിൽ ചുറ്റിയ മൂർഖനെ വലിച്ചെറിഞ്ഞായിരുന്നു തൊഴിലാളി രക്ഷപ്പെട്ടത്.വെള്ളനാടിനു സമീപം കടിയൂർകോണം സിഎൻ ഭവനിൽ സി. ഷാജി (51) യാണ് പാമ്പിന്റെ കടിയേൽക്കാതെ അപകടത്തിൽ നിന്നു കഷ്ടിച്ച് രക്ഷപ്പെട്ടത്. കഴിഞ്ഞ ദിവസം ഉച്ചയ്ക്ക് 1.45 ഓടെ കാരിക്കോണത്തെ തൊഴിലുറപ്പ് ജോലി സ്ഥലത്താണ് സംഭവം.ഭക്ഷണം കഴിച്ച ശേഷം ജോലിസ്ഥലത്ത് തന്നെ കിടക്കുകയായിരുന്ന ഷാജിയുടെ കഴുത്തിൽ മൂർഖൻ പാമ്പ് ഇഴഞ്ഞ് കയറുകയായിരുന്നു. ഇത് ശ്രദ്ധയിൽപ്പെട്ട ഷാജി ഉടൻതന്നെ കഴുത്തിൽ ചുറ്റിയ പാമ്പിനെ കൈ കൊണ്ട് വലിച്ചെറിയുകയായിരുന്നു.ഭാഗ്യത്തിന് ഷാജിക്ക് കടിയേറ്റില്ല. മറ്റു ആരോഗ്യ പ്രശ്നങ്ങളൊന്നും ഇല്ലാത്തതിനാൽ ആശുപത്രിയിൽ പോയില്ലെന്ന് ഷാജി പറഞ്ഞു.

# ലൈബ്രറി പുസ്തകവിതരണം

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റിയിലേക്ക് ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് പ്രൊപ്പോസൽ ക്ഷണിച്ചു. ദി പ്രിൻസിപ്പൽ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രയിനിങ് സൊസൈറ്റി, ഗ്രൗണ്ട് ഫ്ലോർ, അംബേദ്ക്കർ ഭവൻ, ഗവ. പ്രസിന് സമീപം, മണ്ണന്തല, തിരുവനന്തപുരം 695015 എന്ന വിലാസത്തിൽ 15 ന് വൈകിട്ട് 3 മണിക്കകം പ്രൊപ്പോസൽ ലഭിക്കണം. വിശദവിവരങ്ങൾക്ക് : 0471-2533272.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വീട് വെക്കുന്നതിന് ഭൂമി തരം മാറ്റാനുള്ള അപേക്ഷകളിൽ അതിവേഗം തീരുമാനമുണ്ടാകണം : മുഖ്യമന്ത്രി

വീട് വയ്ക്കുന്നതിന് ഭൂമി തരംമാറ്റാനുള്ള അപേക്ഷകളിൽ അതിവേഗം തീരുമാനമുണ്ടാകണമെന്നും നിയമപരമായ തടസ്സങ്ങളുണ്ടെങ്കിൽ അപേക്ഷകരെ അറിയിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. തൈക്കാട് അതിഥി മന്ദിരത്തിൽ രണ്ട് ദിവസമായി ചേർന്ന ജില്ലാ കളക്ടർമാരുടെയും വകുപ്പ് മേധാവികളുടെയും വാർഷിക സമ്മേളനത്തിന്റെ സമാപനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.



ജില്ലാ കളക്ടർമാരുടെയും വകുപ്പ് മേധാവികളുടെയും വാർഷിക സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു

നഗര പരിധിയിൽ 5 സെന്റിലും ഗ്രാമങ്ങളിൽ 10 സെന്റിലും വീട് വയ്ക്കുന്നതിന് അപേക്ഷ നൽകിയാൽ ആവശ്യമായ പരിശോധനകൾ വേഗത്തിൽ പൂർത്തിയാക്കി അനുവാദം നൽകണം. നെൽവയൽ നിയമം വരുന്നതിനു മുൻപ് പുരയിടമായി പരിവർത്തിക്കപ്പെട്ട ഭൂമി തരംമാറ്റുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കണം. 25 സെന്റ് വരെയുള്ള ഭൂമി തരംമാറ്റത്തിന് ഫീസില്ലാത്തതിനാൽ വേഗത്തിൽ നടപടി സ്വീകരിക്കണം. ഇക്കാര്യങ്ങളിൽ കൃഷി, റവന്യു വകുപ്പുകളുമായി ഏകോപനമുണ്ടാവണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഡിസ്ട്രിക്ട് മൈനിങ് ഫണ്ട് ഉപയോഗപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് മുഖേന ജില്ലാതലത്തിൽ കാലാവസ്ഥാ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കണം. അപ്രതീക്ഷിത കാലാവസ്ഥാ വ്യതിയാനങ്ങൾ പ്രവചിക്കുന്ന നൂതന ഉപകരണങ്ങൾ സ്ഥാപിക്കുന്നത് ഉൾപ്പടെയുള്ളവ ഈ ഫണ്ടിലൂടെ സ്ഥാപിക്കാനാകണം.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സമാഹരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യണം. വിവിധ നിർമ്മാണ പദ്ധതികൾ, റോഡ്, റെയിൽവേ ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കണം. സർവ്വേയർ ക്ഷാമത്തിന് പരിഹാരം കാണാൻ ആവശ്യമെങ്കിൽ വിരമിച്ച ഉദ്യോഗസ്ഥരുടെ സേവനം തേടണം. ദേശീയപാതാ വികസനത്തിന് തടസ്സങ്ങൾ ഉണ്ടാകാതെ നടപടികൾ വേഗത്തിലാക്കണമെന്ന് മുഖ്യമന്തി പറഞ്ഞു.

കളക്ടറേറ്റുകളിലെ ഫയൽ തീർപ്പാക്കലിന് സമയപരിധി നിശ്ചയിക്കണം. ആവശ്യമെങ്കിൽ പ്രത്യേക അദാലത്ത് വിവിധ തലത്തിൽ നടത്തണം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, പാലിയേറ്റിവ് പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികളിൽ ജനപങ്കാളിത്തം ഉറപ്പാക്കണം. പ്രധാന മാർക്കറ്റുകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരപ്പട്ടിക പ്രദർശിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ജില്ലകളിൽ റോഡപകടങ്ങൾ തടയുന്നതിന് മോട്ടോർ വാഹന വകുപ്പും, പോലീസും ജില്ലാ കലക്ടറും ചേർന്ന് നടപടികൾ സ്വീകരിക്കണം. സർക്കാർ ഓഫീസുകൾ സൗരോർജ്ജത്തിലേക്ക് മാറ്റുന്നതിന് നടപടികളുണ്ടാവണം. ജില്ലയിലെ ഒരു പഞ്ചായത്ത് പൂർണ്ണമായും സൗരോർജ്ജത്തിലേക്ക് മാറ്റി മാതൃകാ സൗരോർജ്ജ പഞ്ചായത്താക്കണം. വയനാട് ചൂരൽമലയിലെ ദുരന്തബാധിതർക്ക് നിർമിക്കുന്ന വീടുകളിൽ പുരപ്പുറ സൗരോർജ്ജ സംവിധാനം സിയാൽ സ്ഥാപിക്കും. ലഹരി വിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണവും വ്യാപകമാക്കണം.

സംസ്ഥാനത്ത് വിവിധ പഞ്ചായത്തുകളിൽ മത്സ്യകൃഷി നല്ല രീതിയിൽ നടത്തിയിരുന്നു, അത് തുടരുകയും കൂടുതൽ വിപുലമാക്കുകയും വേണം. അന്താരാഷ്ട്ര തലത്തിൽ സാൽമൺ മത്സ്യകൃഷി ചെയ്യുന്ന ഏജൻസികളുമായി സഹകരിച്ച് ഡാമുകളിൽ ഉൾപ്പെടെ വളർത്താൻ പദ്ധതിയുണ്ടാക്കണം. വന്യമൃഗങ്ങൾ ജനജീവിതത്തിനും കർഷകർക്കും വ്യാപകമായി ആപത്ത് ഉണ്ടാക്കുന്നുണ്ട്. ഇത് നിയന്ത്രിക്കാനുള്ള നടപടികളുണ്ടാവണം. സർക്കാർ ഓഫീസുകൾക്ക് നേരെയുള്ള അക്രമണവും ജീവനക്കാരെ അപകടപ്പെടുത്തുന്നതും ഗുരുതര വിഷയമാണ്. ഇതിൽ ശക്തമായ നടപടികൾ തന്നെ തുടർന്നും സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

നദികൾ, ജലാസംഭരണികൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിറഞ്ഞ ചെളിയും പാറയും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാകണം. ജില്ലയിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, പാലിയേറ്റിവ് പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികളിൽ ജനപങ്കാളിത്തം ഉറപ്പാക്കണമെന്നും മുഖ്യമന്തി നിർദ്ദേശിച്ചു.

മന്ത്രിമാരായ കെ എൻ ബാലഗോപാൽ, കെ കൃഷ്ണൻ കുട്ടി, രാമചന്ദ്രൻ കടന്നപ്പള്ളി, ജി ആർ അനിൽ, ഡോ. ആർ ബിന്ദു, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ജില്ലാ കളക്ടർമാർ, വകുപ്പ് സെക്രട്ടറിമാർ, മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

## കെഎഫ്സിയുടെ നിക്ഷേപത്തിനു പിന്നിൽ കമ്മീഷൻ ഇടപാടെന്ന് പ്രതിപക്ഷ നേതാവ്

കൊച്ചി: കെഎഫ്സിയിലെ പാർട്ടി ബന്ധുക്കളുടെ കമ്മീഷൻ ഇടപാടാണ് ആർസിഎഫ്എൽ നിക്ഷേപത്തിനു പിന്നിലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. അന്നത്തെ ധനമന്ത്രി തോമസ് ഐസക്കിന്റെ അറിവോടെയാണ് ഇതുനടന്നതെന്നും സതീശൻ കുറ്റപ്പെടുത്തി.

കരുതൽ ധനം സൂക്ഷിക്കണം എന്ന വ്യവസ്ഥ ലംഘിച്ചാണ് നിക്ഷേപം നടത്തിയത്. സെബിയുടെ ഗ്യാരൻറി ഇല്ലെന്ന് നിക്ഷേപം സ്വീകരിച്ച കമ്പനിയുടെ പ്രോസ്പെക്ടസിൽ തന്നെ പറയുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഫെഡറൽ ബാങ്കിൽ സൂക്ഷിച്ചിരുന്ന കരുതൽ ധനമാണ് അനിൽ അംബാനിയുടെ മുങ്ങി കൊണ്ടിരുന്ന സ്ഥാപനത്തിൽ കെഎഫ്സി നിക്ഷേപിച്ചത്. വെറും 0.21 ശതമാനം പലിശ വ്യത്യാസത്തിലാണ് നിക്ഷേപം നടത്തിയത്.

കാലാവധി തീരുന്നതിന് മുൻപ് ഫെഡറൽ ബാങ്ക് നിക്ഷേപം പിൻവലിച്ചത് കൊണ്ട് 20 ലക്ഷം അവിടെയും നഷ്ടമായി. ഇതിനൊക്കെ ഇപ്പോഴത്തെ ധനമന്ത്രിയും മുൻ ധനമന്ത്രിയും മറുപടി പറയണമെന്നും സതീശൻ ആവശ്യപ്പെട്ടു.

## 'ആത്മഹത്യാ പ്രേരണക്കുറ്റം നിലനിൽക്കില്ല': വിസ്മയ കേസിൽ സുപ്രീം കോടതിയെ സമീപിച്ച് കിരൺ കുമാർ

കൊല്ലം: വിസ്മയ കേസിൽ തനിക്കെതിരായ ശിക്ഷാവിധി മരവിപ്പിക്കണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതിയെ സമീപിച്ച് പ്രതി കിരൺ കുമാർ. തനിക്കെതിരെ ആത്മഹത്യാ പ്രേരണക്കുറ്റം നിലനിൽക്കില്ല. വിസ്മയയുടെ ആത്മഹത്യയുമായി തന്നെ നേരിട്ട് ബന്ധിപ്പിക്കാൻ തെളിവില്ലെന്നും മാധ്യമ വിചാരണയുടെ ഇരയാണ് താനെന്നും കിരൺകുമാർ ഹർജിയിൽ പറയുന്നു.

പത്തു വർഷം ശിക്ഷ വിധിച്ച വിചാരണക്കോടതി വിധിക്കെതിരേ കിരൺ ഹൈക്കോടതിയെ സമീപിച്ചിരുന്നു. എന്നാൽ ഇതിൽ രണ്ട് വർഷമായിട്ടും തീരുമാനാകാത്ത സാഹചര്യത്തിലാണ് സുപ്രീംകോടതിയിൽ ഹർജി നല്കിയത്.2021 ജൂണിലാണ് കൊല്ലം സ്വദേശിനിയായ വിസ്മയയെ ഭർതൃവീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടത്. ഭർത്താവിന്റെ പീഡനം കാരണമാണ് വിസ്മയ ആത്മഹത്യ ചെയ്തതെന്ന് ബന്ധുക്കൾ ആരോപിച്ചിരുന്നു. തുടർന്ന് പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിക്കുകയും കിരൺ കുമാറിനെ പ്രതിയാക്കുകയും ചെയ്തു.

10 വർഷത്തെ തടവാണ് കോടതി കിരണിന് വിധിച്ചത്. പൂജപ്പുര സെൻട്രൽ ജയിലിൽ കഴിയുന്ന കിരൺ പരോളിന് ആദ്യം അപേക്ഷ നൽകിയെങ്കിലും പ്രൊബേഷൻ റിപ്പോർട്ടും പോലീസ് റിപ്പോർട്ടും എതിരായതിനാൽ ജയിൽ സൂപ്രണ്ട് അപേക്ഷ തള്ളി. കിരൺ വീണ്ടും അപേക്ഷ നൽകിയപ്പോൾ പോലീസ് റിപ്പോർട്ട് എതിരായിരുന്നുവെങ്കിലും പ്രൊബേഷൻ റിപ്പോർട്ട് അനുകൂലമായതിനാൽ കിരണിന് 30 ദിവസത്തെ പരോൾ ജയിൽ മേധാവി അനുവദിക്കുകയായിരുന്നു.

# അൻവറിന്റെ യുഡിഎഫ് പ്രവേശനം വൈകും

കോഴിക്കോട്: നിലമ്പൂർ എംഎൽഎ പി.വി.അൻവറിന്റെ യുഡിഎഫ് പ്രവേശനം നീളാൻ സാധ്യത. ഇക്കാര്യത്തിൽ തിരക്കിട്ട് തീരുമാനം വേണ്ടെന്നാണ് കോൺഗ്രസിന്റെ നിലപാട്. ഇന്ന് തിരുവനന്തപുരത്ത് ചേരുന്ന കെപിസിസി ഭാരവാഹി യോഗം അൻവറിന്റെ വിഷയം ചർച്ച ചെയ്തേക്കും.

രാഹുൽ ഗാന്ധിക്കെതിരേ അൻവർ നടത്തിയ പരാമർശത്തിലും പ്രതിപക്ഷ നേതാവ് വി.ഡി. സതീശനെതിരായി നടത്തിയ അഴിമതി ആരോപണത്തിലും തിരുത്ത് വേണമെന്നാണ് കോൺഗ്രസ് നിലപാട്. ഇതിനുശേഷം മതി തീരുമാനമെന്ന് ഒരു വിഭാഗം നേതാക്കൾ കെപിസിസിയെ അറിയിച്ചിട്ടുണ്ട്.അൻവറിനെ മുന്നണിയിൽ എടുക്കുന്നതിൽ വ്യക്തിപരമായി എതിർപ്പില്ലെന്ന് കെപിസിസി പ്രസിഡൻറ് കെ. സുധാകരൻ കഴിഞ്ഞ ദിവസം പ്രതികരിച്ചിരുന്നു. അൻവർ നല്ല സുഹൃത്തും രാഷ്ട്രീയ പ്രവർത്തകനുമാണെന്നാണ് സുധാകരൻ പറഞ്ഞത്.

അൻവർ ഉയർത്തിയ രാഷ്ട്രീയ പ്രശ്നങ്ങളിൽ യോജിപ്പുണ്ടെങ്കിലും മുന്നണി പ്രവേശനകാര്യം പാർട്ടി ഇതുവരെ ചർച്ച ചെയ്തിട്ടില്ലെന്ന് രമേശ് ചെന്നിത്തല പ്രതികരിച്ചിരുന്നു. ഫോറസ്റ്റ് ഓഫീസിലെ ആക്രമണവുമായി ബന്ധപ്പെട്ട് അറസ്റ്റിലായശേഷം ജയിലിൽ നിന്നിറങ്ങിയ അൻവർ താൻ യുഡിഎഫിന് ഒപ്പമെന്നാണ് ആദ്യം പ്രഖ്യാപിച്ചത്. ഇത് ആശയകുഴപ്പത്തിന് ഇടയാക്കിയിരുന്നു.

മുസ്‌ലിം ലീഗ് നേതാക്കളുമായി നടത്തിയ കൂടിക്കാഴ്ച, സതീശന്റെ മയപ്പെടുത്തിയുള്ള പ്രതികരണം ഇതെല്ലാം അൻവർ വേഗത്തിൽ യുഡിഎഫിൽ എത്തുമെന്ന പ്രതീതി ജനിപ്പിച്ചിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ കോൺഗ്രസിൽ ഏകാഭിപ്രായം ഉരുത്തിരിഞ്ഞിട്ടില്ല. കെപിസിസി ഭാരവാഹി യോഗത്തിലും നിർവഹക സമിതി യോഗത്തിലും ചർച്ച ചെയ്തശേഷം മതി തീരുമാനമെന്ന് ഒരു വിഭാഗം നേതാക്കൾ നിലപാട് എടുത്തിട്ടുണ്ട്.

അൻവർ യുഡിഎഫിലേക്ക് വരുന്നതിനോട് ആര്യാടൻ ഷൗക്കത്ത് അടക്കം മലപ്പുറം ജില്ലയിലെ നേതാക്കൾക്ക് എതിർപ്പുണ്ട്. അവരുടെ വികാരം പരിഗണിക്കാതെ മുന്നണിയിൽ എടുത്താൽ പാർട്ടിയിലുണ്ടാവുന്ന അനുരണനങ്ങളും കോൺഗ്രസ് ചർച്ച ചെയ്യുന്നുണ്ട്. മുതിർന്ന കോൺഗ്രസ് നേതാക്കളെ നേരിൽ കാണാൻ അൻവർ താത്പര്യം അറിയിച്ചിട്ടുണ്ട്.

അൻവർ വിഷയത്തിൽ എടുക്കുന്ന ഏതു തീരുമാനത്തിനും ഒപ്പം നിൽക്കുമെന്ന് മുസ്‌ലിം ലീഗ് നേതൃത്വം കോൺഗ്രസിനെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ മുന്നണയിൽ ഭിന്നസ്വരം ഉയരുന്നതിനോടു ലീഗിനു താത്പര്യമില്ല. മുന്നണിയിലെ ഘടകകക്ഷികൾ തമ്മിലുള്ള ബന്ധത്തെ ബാധിക്കുന്ന തരത്തിലുള്ള നിലപാട് വേണ്ടെന്നാണ് ലീഗ് സ്വീകരിച്ചിട്ടുള്ളത്.

## പരാതിരഹിത കലോത്സവം കൂട്ടായ്മയുടെ വിജയം: മന്ത്രി വി. ശിവൻകുട്ടി

തിരുവനന്തപുരം: സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ വിജയം കൂട്ടായ്മയുടെ വിജയമാണെന്നും പരാതിരഹിത കലോത്സവമായി ഈ കലോത്സവം മാറിയെന്നും മന്ത്രി വി.ശിവൻകുട്ടി. എല്ലാവരും ഒരേ മനസോടെ പ്രവർത്തിച്ചുവെന്നും മന്ത്രി പറഞ്ഞു. 19 കമ്മറ്റികളും വളരെ നന്നായി പ്രവർത്തിച്ചുവെന്ന് അഭിപ്രായപ്പെട്ട മന്ത്രി ഭക്ഷണ കമ്മറ്റി പ്രശംസ പിടിച്ചു പറ്റിയെന്നും കൂട്ടിച്ചേർത്തു.

മുപ്പതിനായിരം പേരാണ് സമാപന സമ്മേളനത്തിൽ ഉണ്ടായിരുന്നത്. ഒരു പ്രതിഷേധം പോലും അവിടെ ഉണ്ടായില്ല. അച്ചടക്കം പാലിക്കാൻ കഴിഞ്ഞുവെന്നത് തന്നെ വലിയ നേട്ടമാണ്. മാധ്യമങ്ങൾ നൽകിയ പിന്തുണയെ അഭിനന്ദിക്കുന്നു.ലോകത്ത് തന്നെ ഇത്തരത്തിൽ ഒരു കൗമാര മേള ഇല്ല. കലോത്സവത്തെ അടുത്തവർഷം ഗിന്നസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സ്കൂൾതല മത്സരത്തിൽ കൂടുതൽ മാറ്റങ്ങൾ വരുത്തും.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും കലാ മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കണം. അടുത്ത സ്കൂൾ കലോത്സവം ഗ്രാമ അന്തരീക്ഷമുള്ള ഒരു ജില്ലയിൽ വച്ച് നടത്തണമെന്ന് നിർദ്ദേശങ്ങൾ വരുന്നുണ്ടെന്നും ശിവൻകുട്ടി കൂട്ടിച്ചേർത്തു.

## പടയപ്പ വീണ്ടും ജനവാസമേഖലയിൽ

മൂന്നാർ: പടയപ്പയെന്ന കാട്ടാന വീണ്ടും ജനവാസമേഖലയിൽ ഇറങ്ങി. നയമക്കാട് എസ്റ്റേറ്റിലാണ് കാട്ടാന ഇറങ്ങിയത്.ഒരാൾചയായി പടയപ്പ ജനവാസമേഖലയിൽ തമ്പടിച്ചിരിക്കുകയാണ്. ആന പ്രകോപിതനാണെന്നാണ് വനംവകുപ്പ് ഉദ്യോഗസ്ഥർ പറയുന്നത്.അതേസമയം ഇന്ന് കണ്ണൂർ ഇരുട്ടിയിലും പാലക്കാട് പായത്തും കാട്ടാനകൾ ഇറങ്ങിയിരുന്നു.

## സ്കൂട്ടർ മറിഞ്ഞു റോഡിൽ വീണു, പിന്നാലെ കെഎസ്ആർടിസി ബസ് കയറിയിറങ്ങി; കണ്ണൂരിൽ വിദ്യാർഥി മരിച്ചു

കണ്ണൂർ: കെഎസ്ആർടിസി ബസ് ശരീരത്തിലൂടെ കയറിയിറങ്ങി വിദ്യാർഥി മരിച്ചു. കല്യാശേരി പോളിടെക്നിക് വിദ്യാർഥി ആകാശ് ആണ് മരിച്ചത്.

രാവിലെ കോളജിലേക്ക് പോകുംവഴി പാപ്പിനിശേരിയിൽ വച്ചാണ് അപകടം. സ്കൂട്ടർ തെറ്റി മറഞ്ഞ് റോഡിലേക്ക് വീണ ആകാശിന്റെ ശരീരത്തിലൂടെ കെഎസ്ആർടിസി ബസ് കയറിയിറങ്ങുകയായിരുന്നു. മൃതദേഹം ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ട്.

# തൃശൂർ ഡിസിസി പ്രസിഡൻറ്: തീരുമാനം ഉടൻ

തൃശൂർ: ജില്ലാ കോൺഗ്രസ് കമ്മിറ്റി അധ്യക്ഷനെ തെരഞ്ഞെടുക്കുന്നതിൽ ഈയാഴ്ച അവസാനമോ അടുത്തയാഴ്ച പകുതിയിലോ തീരുമാനമാകുമെന്നു സൂചന. ജില്ലയിലെ മുതിർന്ന നേതാക്കളിൽനിന്നടക്കം കെപിസിസി റിപ്പോർട്ട് തേടിയിരുന്നു. റിപ്പോർട്ട് ഈയാഴ്ച എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ഉൾപ്പെടെയുള്ളവർ ചർച്ചയ്ക്കെടുക്കും. മറ്റു ഡിസിസി അധ്യക്ഷൻമാരെ മാറ്റുന്ന കാര്യത്തിൽ തീരുമാനമാകാത്തതാണു തൃശൂരിലും തടസമാകുന്നത്.നേരത്തേ, യുഡിഎഫ് കൺവീനറെയും ഡിസിസി പ്രസിഡൻറിനെയും എഐസിസി നേതൃത്വം പ്രഖ്യാപിക്കുന്ന ഘട്ടത്തിൽ തൃശൂരിൽനിന്നുള്ള നാൽവർസംഘം ഇടപെട്ടു നടപടി വൈകിപ്പിച്ചെന്നാണ് ആരോപണം. പ്രതിപക്ഷ നേതാവ് വി.ഡി. സതീശനെ കണ്ട് തീരുമാനം നീട്ടണമെന്നും ആവശ്യപ്പെട്ടു. ഇക്കാര്യം കെ.സി. വേണുഗോപാൽ ഉൾപ്പെടെയുള്ളവരോടു ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടു.തൃശൂർ പാർലമെൻറ് തെരഞ്ഞെടുപ്പിലെ പാർട്ടിയുടെ ദയനീയ തോൽവിക്ക് പിന്നാലെയാണു ജില്ലാ ഘടകത്തിൽ അനിശ്ചിതത്വം ഉടലെടുത്തത്. തോൽവിക്കു പിന്നാലെ സ്ഥാനം നഷ്ടപ്പെട്ടവരും ആരോപണ വിധേയരായവരും തങ്ങൾക്കു സ്വീകാര്യനായ വ്യക്തിയെ നിയമിക്കണമെന്നും ആവശ്യപ്പെട്ടു. എന്നാൽ, ഇത് അംഗീകരിക്കാൻ കെ.സി. വേണുഗോപാലോ കെപിസിസി പ്രസിഡൻറോ തയാറായിട്ടില്ല.

പലരുമായും ചർച്ച ചെയ്താണു പുതിയ ഡിസിസി പ്രസിഡൻറിനെയും കൺവീനറെയും പ്രഖ്യാപിക്കുന്ന ഘട്ടമെത്തിയത്. ഇതാണ് എതിർപ്പിനെ തുടർന്നു വൈകുന്നത്. ചേലക്കര ഉപതെരഞ്ഞെടുപ്പിലെ തോൽവിക്കു പിന്നാലെ സ്ഥാനത്തു തുടരാൻ താത്പര്യമില്ലെന്നു തൃശൂരിന്റെ ചുമതലയുള്ള വി.കെ. ശ്രീകണ്ഠൻ എംപി നേതൃത്വത്തെ അറിയിച്ചിട്ടുണ്ട്.ഇടഞ്ഞുനിൽക്കുന്ന നേതാക്കളെ അനുനയിപ്പിക്കാതെ പ്രശ്നപരിഹാരം സാധ്യമല്ലെന്ന നിലപാടിലാണു ശ്രീകണ്ഠനും. നാൽവർ സംഘത്തിനെതിരേ ചേലക്കര ഉപതെരഞ്ഞെടുപ്പിൽ തോറ്റ രമ്യ ഹരിദാസും പരാതി നൽകിയെന്നാണു വിവരം.

## കടുവപ്പേടിയിൽ പുൽപ്പള്ളി; ഡോ. അജേഷ് മോഹൻദാസിന്റെ നേതൃത്വത്തിൽ പരിശോധന

വയനാട്: പുൽപ്പള്ളി അമരക്കുനിയിൽ കടുവയിറങ്ങിയ പശ്ചാത്തലത്തിൽ ഡോ. അജേഷ് മോഹൻദാസിന്റെ നേതൃത്വത്തിൽ മേഖലയിൽ പരിശോധന നടത്തി. കൂട് വയ്ക്കുന്നതിനു മുന്നോടിയായാണ് ഡോക്ടറുടെ നേതൃത്വത്തിൽ പരിശോധന നടത്തുന്നത്.

പത്ത് വയസുള്ള പെൺകടുവയാണ് മേഖലയിൽ എത്തുന്നതെന്നാണ് വനംവകുപ്പിന്റെ പ്രാഥമിക നിഗമനം. കർണാടകയിൽനിന്നും അതിർത്തി കടന്നാണ് കടുവ വരുന്നതെന്നാണ് വനംവകുപ്പിന്റെ വിലയിരുത്തൽ.ബുധനാഴ്ച രാത്രിയാണ് കടവ അമരക്കുനിയിൽനിന്നും ആടിനെ പിടികൂടിയത്. ഒരാഴ്ച മുൻപും മേഖലയിൽനിന്നും കടുവ ആടിനെ പിടികൂടിയിരുന്നു. പ്രദേശത്ത് ഒരു കൂട് വനംവകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ കാമറ ട്രാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്.

## ഇരിട്ടിയിൽ ജനവാസ മേഖലയിൽ കാട്ടാനകൾ ഇറങ്ങി; പ്രദേശവാസികൾ ഭീതിയിൽ

കണ്ണൂർ: ഇരിട്ടി പായം, കരിയാൽ, വട്ട്യറ, എരുമതടം മേഖലയിൽ കാട്ടാനകൾ ഭീഷണി പരത്തുന്നു. ഇന്ന് പുലർച്ചെ നാലരയോടെയാണ് പായം കര്യാൽ മേഖലയിൽ പത്രവിതരണം നടത്തുന്നവർ ആനയെ ആദ്യം കണ്ടത്. പിന്നീട് കൂടുതൽ ജനവാസ മേഖലയിലേക്ക് ആനകൾ മാറുകയായിരുന്നു.

തുടർന്ന് വനപാലകരും പോലീസുമെത്തി ആനയെ തുരത്താൻ ശ്രമിച്ചതോടെ രണ്ടു ഭാഗത്തേക്ക് ആനകൾ തിരിയുകയും കൂടുതൽ പ്രദേശങ്ങൾ ഭീതിയിലാവുകയും ചെയ്തു.

എരുമത്തടം പുഴയരികിലെ അക്ഷേഷ്യ കാട്ടിൽ ഒരാനയും മറ്റൊന്ന് ജബ്ബാർ കടവ് കരിയാൻ മെയിൻ റോഡ് മുറിച്ചുകടന്ന് ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടിന്റെ പരിസരപ്രദേശത്തെ പറമ്പിലേക്കും ഓടിക്കയറി. ജനവാസ മേഖലയിൽ ആന ഇറങ്ങിയതോടെ പായം ഗവ. യുപി സ്കൂളിനും വട്ട്യറ എൽപി സ്കൂളിനും അവധി പ്രഖ്യാപിച്ചു.

ആന ഇറങ്ങിയതറിഞ്ഞ് വലിയ ജനക്കൂട്ടമാണ് മേഖലയിൽ തടിച്ചുകൂടിയിരിക്കുന്നത്. പ്രധാന റോഡുകളിലെല്ലാം ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. പായം മേഖലയിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി അനൗൺസ്മെൻറ് വാഹനം ഒരുക്കിയിട്ടുണ്ട്.

കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ആറളം ഫാം പുനരധിവാസ മേഖലയിലും ഫാമിനുള്ളിലും കാട്ടാനകളുടെ താണ്ഡവം തുടരുകയാണ്. ബുധനാഴ്ച വൈകുന്നേരം ആറളം ഫാമിലെ ഓടന്തോട് കാട്ടാനയെ കണ്ടു ഭയന്നോടിയ രണ്ടു സ്ത്രീകൾക്ക് വീണു പരിക്കേറ്റിരുന്നു.

## ചോദ്യപേപ്പർ ചോർച്ച: ഷുഹൈബിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ വിധി ഇന്ന്

കോഴിക്കോട്: പത്താം ക്ലാസ് ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ കൊടുവള്ളിയിലെ എംഎസ് സൊലൂഷൻസ് സിഇഒ എം.എസ്. മുഹമ്മദ് ഷുഹൈബിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ വിധി ഇന്ന്.പ്രിൻസിപ്പൽ ജില്ലാ സെഷൻസ് ജഡ്ജി വി.എസ്. ബിന്ദുകുമാരിയാണു വിധി പറയുക. ഏഴിനു പരിഗണിച്ച ഹർജി വിധി പറയുന്നതിനായി ഇന്നേക്കു മാറ്റുകയായിരുന്നു.

മുൻകൂർ ജാമ്യ ഹർജി നൽകിയശേഷം ഒളിവിൽ പോയ ഷുഹൈബിനെ പിടികൂടാൻ പോലീസിനു ഇതുവരെ കഴിഞ്ഞിട്ടില്ല. കോടതി വിധിക്കുശേഷം തുടർ നടപടികളിലേക്ക് കടക്കാനാണ് ക്രൈം ബ്രാഞ്ച് തീരുമാനം. എംഎസ് സൊലൂഷൻസിന്റെ ബാങ്ക് അക്കൗണ്ടുകൾ കഴിഞ്ഞ ദിവസം ക്രൈം ബ്രാഞ്ച് മരവിപ്പിച്ചിരുന്നു.

## ബോബി ചെമ്മണ്ണൂരിന്റെ കരണം അടിച്ചുപൊളിക്കാൻ ആളില്ലാതായിപ്പോയി: ജി.സുധാകരൻ

ആലപ്പുഴ: ലൈംഗിക അധിക്ഷേപ പരാതിയിൽ അറസ്റ്റിലായ ബോബി ചെമ്മണ്ണൂരിനെതിരേ രൂക്ഷവിമർശനവുമായി മുൻമന്ത്രി ജി. സുധാകരൻ. ബോബി ചെമ്മണ്ണൂരിന്റെ കരണം അടിച്ചുപൊളിക്കാൻ ആളില്ലാതായിപ്പോയി. ആലപ്പുഴയിൽ ആയിരുന്നുവെങ്കിൽ തങ്ങൾ തല്ലിയേനെയെന്നും അദ്ദേഹം പറഞ്ഞു.ആലപ്പുഴയിൽ പൊതുപരിപാടിയിൽ സംസാരിക്കുകയായിരുന്നു ജി.സുധാകരൻ. പണത്തിന്റെ അഹങ്കാരം കൊണ്ട് എന്തും ചെയ്യാം എന്നാണ് വിചാരം. അവൻ പരനാറിയാണ്. വെറും പ്രാകൃതനും കാടനുമാണ്.അയാൾക്ക് ഒരു സംസ്കാരമേയുള്ളൂ അത് ലൈംഗിക സംസ്കാരമാണ്. ഇവിടുത്തെ മഹിളാ സംഘടനകളും ബുദ്ധിജീവികളും എവിടെപ്പോയെന്നും സുധാകരൻ ചോദിച്ചു.അശ്ലീലച്ചുവയുള്ള ഒറ്റ പോസ്റ്റ് ഇട്ടപ്പോൾ തന്നെ പോലീസ് സ്വമേധയാ കേസെടുത്ത് അയാളെ അറസ്റ്റ് ചെയ്യേണ്ടതായിരുന്നു. എന്നിട്ട് അറസ്റ്റ് ചെയ്തോ എന്നും സുധാകരൻ ചോദിച്ചു.